

# ബൈബിളിന്
# ഒരാമുഖം

*Prepared by Dr Andrews Mekkattukunnel*



**PaurastyaVidyāpītham**
Pontifical Oriental Institue of Religious Studies



# ബൈബിളിന് ഒരാമുഖം

## 1. ബൈബിൾ എന്ന പദം

പുരാതന ഭാഷയായ ഗ്രീക്കിൽ നിന്നാണ് ബൈബിൾ എന്ന ആംഗലേയ പദത്തിന്റെ ഉത്ഭവം. പ്രധാനമായും മൂന്ന് മൂലപദങ്ങളാണ് ഗ്രീക്ക് ഭാഷയിൽ ഈയർത്ഥത്തിലുള്ളത്. അവ യഥാക്രമം ബിബ്ളോസ് (പുല്ലിംഗം ഏകവചനം), ബിബ്ളോൺ (അലിംഗ ഏകവചനം), ബിബ്ളിയ (അലിംഗ ബഹുവചനം) എന്നിങ്ങനെയാണ്. ഇവയുടെയെല്ലാം അർത്ഥം പുസ്തകം അഥവാ പുസ്തകങ്ങൾ എന്നാണ്. ബൈബിൾ, ഒരേ സമയം ഒറ്റ പുസ്തകമായതുകൊണ്ടും 73 പുസ്തകങ്ങളുടെ സമാഹാരമായതുകൊണ്ടും, ഏകവചനവും ബഹുവചനവും ഇതിന് നന്നായി ഇണങ്ങും. മറ്റ് പ്രധാന ഭാഷകളിലെല്ലാം വിശുദ്ധഗ്രന്ഥത്തെ സൂചിപ്പിക്കാൻ ഇതേ വാക്കിന്റെ തന്നെ ഏതെങ്കിലും രൂപമാണ് ഉപയോഗിക്കുന്നത്. ഉദാഹരണത്തിന്, ലത്തീനിൽ ബിബ്ലിയ, ഇറ്റാലിയനിൽ ബിബ്ബിയ, ഫ്രഞ്ചിൽ ബീബ്ള്, ജർമ്മനിൽ ബീബിൾ, സ്പാനിഷിൽ ല ബിബ്ളിയ...

## 2. മനുഷ്യവർഗത്തിന്മേൽ ബൈബിളിനുള്ള സ്വാധീനം

പുസ്തകം(ബൈബിൾ) എന്ന പേരിൽ ലോകമാസകലം അറിയപ്പെടാൻ തക്ക പ്രാധാന്യം ഇന്നു ക്രൈസ്തവമതത്തിന്റെ വി. ഗ്രന്ഥത്തിനുണ്ട്. ബൈബിളിനെപ്പോലെ ഇത്രയും ആഴമായി മാനവകുലത്തെയും നാഗരികതയെയും സംസ്ക്കാരങ്ങളെയും സ്വാധീനിച്ചിട്ടുള്ളതും

സ്വാധീനിക്കുന്നതുമായ മറ്റൊരു ഗ്രന്ഥവും ലോകത്തിലില്ല. ജൊഹാൻ ഗുട്ടൻബർഗ് തന്റെ അച്ചടിശാലയിൽ (1452) ആദ്യം അച്ചടിച്ചത് ബൈബിളായിരുന്നു എന്നതും ഈ പ്രാധാന്യം വിളിച്ചോതുന്നുണ്ട്. വർഷംതോറും ബൈബിളിന്റെ കോടിക്കണക്കിനു പ്രതികളാണ് പലഭാഷകളിലായി അച്ചടിക്കപ്പെടുന്നത്.

### 3. ബൈബിൾ - വിശുദ്ധഗ്രന്ഥം

വിശുദ്ധ ഗ്രന്ഥം/ഗ്രന്ഥങ്ങൾ, വിശുദ്ധ ലിഖിതം/ലിഖിതങ്ങൾ എന്നീ പേരുകളിലൊക്കെ ബൈബിൾ അറിയപ്പെടുന്നു. ദൈവനിവേശത്താൽ എഴുതപ്പെട്ടതുകൊണ്ട് അത് വിശുദ്ധമാണ്, പരിശുദ്ധമാണ്. സൃഷ്ടി തുടങ്ങി അബ്രാഹത്തെ വിളിക്കുന്നതുൾപ്പെടെ ഈശോ മിശിഹായുടെ മനുഷ്യവതാരം, പീഡാസഹനം, മരണം, ഉത്ഥാനം, സ്വർഗാരോഹണം, മഹത്വപൂർണമായ രണ്ടാമത്തെ ആഗമനം ഉൾപ്പെടെയുള്ള രക്ഷാകര പദ്ധതിയുടെ ചരിത്രം വിവരിക്കുന്നതായതുകൊണ്ടും ഇത് ഒരു വിശുദ്ധ ഗ്രന്ഥമാണ്. അതുകൊണ്ടുതന്നെ വലിയ ബഹുമാനത്തോടും സ്നേഹത്തോടും ആദരവോടും കൂടെവേണം നമ്മൾ ബൈബിൾ കൈകാര്യം ചെയ്യാൻ.

## അദ്ധ്യായം 1

## ബൈബിളിന്റെ ദൈവനിവേശനം/ദൈവനിശ്വസനം

വി. ഗ്രന്ഥത്തിന്റെ ആരംഭം ദൈവത്തിലാണ് എന്നതുതന്നെയാണ് ബൈബിൾ ദൈവനിവേശിത ഗ്രന്ഥമാണ് എന്നു പറയുന്നതിന്റെ അടിസ്ഥാനം. ബൈബിൾ ഗ്രന്ഥകാരന്മാർ തങ്ങളുടെ സ്വന്തം ആശയമല്ല അവതരിപ്പിക്കുന്നത്; മറിച്ച്, പരിശുദ്ധ റൂഹായുടെ പ്രേരണയാൽ തങ്ങൾക്കു ലഭിച്ച ദൈവികസത്യങ്ങളാണ്. ഈശോതന്നെയും പഴയനിയമത്തിലെ സങ്കീർത്തന ഗ്രന്ഥത്തെക്കുറിച്ചു പരാമർശിക്കുമ്പോൾ പറയുന്നത്, പരിശുദ്ധാത്മാവിനാൽ പ്രചോദിതനായി ദാവീദുതന്നെ പറഞ്ഞിട്ടുണ്ട് (മാർക്കോ 12,36) എന്നാണ്. പന്തക്കുസ്താ ദിനത്തിൽ പത്രോസ്ശ്ലീഹായും സങ്കീർത്തനങ്ങളെക്കുറിച്ച്, ദാവീദുവഴി പരിശുദ്ധാത്മാവ് ആരുളിചെയ്തിട്ടുണ്ട് (അപ്പ 1,16; 4;25) എന്നാണല്ലോ പറയുന്നത്. മനുഷ്യരാൽ എഴുതപ്പെട്ടതെങ്കിലും വി. ഗ്രന്ഥം ദൈവത്തിന്റെ വചനമാണ്; ദൈവനിവേശിതമാണ്. പത്രോസ്ശ്ലീഹാ തന്റെ ലേഖനത്തിൽ ഇപ്രകാരം എഴുതുന്നു: വിശുദ്ധലിഖിതത്തിലെ പ്രവചനങ്ങൾ ഒന്നുംതന്നെ ആരുടെയും സ്വന്തമായ വ്യാഖ്യാ



നത്തിലുള്ളതല്ല. എന്തുകൊണ്ടെന്നാൽ, പ്രവചനങ്ങൾ ഒരിക്കലും മാനുഷിക ചോദനയാൽ രൂപംകൊണ്ടതല്ല; പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചതാണ്( 2പത്രോ 1,20-21). വി. പൗലോസ് പ്രഘോഷിക്കുന്നതിപ്രകാരമാണ്: വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യൻ പൂർണത കൈവരിക്കുകയും എല്ലാ നല്ല പ്രവൃത്തികളും ചെയ്യുന്നതിനു പര്യാപ്തനാവുകയും ചെയ്യുന്നു(2 തിമോ 3,16-17).

ദൈവനിവേശിതമാണ് എന്ന ഇവിടുത്തെ പ്രയോഗത്തിന്റെ വാച്യാർത്ഥം ദൈവം നിശ്വസിച്ചു എന്നാണ്. നിശ്വാസം അഥവാ കാറ്റ് എന്നതിനും അരൂപി എന്നതിനും ഒരേ പദമാണു മിക്ക ഭാഷകളിലുമുള്ളത്: റൂആഹ് (ഹീബ്രു), റൂഹാ (സുറിയാനി), പ്നെവുമാ (ഗ്രീക്ക്). ചുരുക്കത്തിൽ, വിശുദ്ധലിഖിതം ദൈവനിവേശിതമാണ് എന്നു പറയുന്നതിന്റെ അർത്ഥം, മിശിഹായുടെ ആത്മാവായ പരിശുദ്ധാരൂപിയയാണ് (1 കൊറി 12:18) ഈ വി. ഗ്രന്ഥത്തിന്റെ യത്ഥാർത്ഥ ഗ്രന്ഥകാരൻ എന്നാണ്.



ദൈവം നേരിട്ട് പറഞ്ഞുകൊടുത്തത് കേട്ടെഴുതിയെന്നല്ല ദൈവനിവേശനം എന്നതുകൊണ്ട് ആർത്ഥമാക്കുന്നത്. മറിച്ച്, ദൈവം വിശുദ്ധഗ്രന്ഥകർത്താക്കളെ സജീവ ഉപകരണങ്ങളാക്കി ഉപയോഗിക്കുന്നു എന്നാണ്. ദൈവം താൻ തിരഞ്ഞെടുത്തവർക്ക് തന്റെ സന്ദേശം പകർന്നുനല്കുകയും അവർ അത് ജനത്തിന് മനസ്സിലാകുന്ന ഭാഷയിൽ എഴുതുകയും ചെയ്തു എന്നാണ് ദൈവനിവേശനം കൊണ്ടുദ്ദേശിക്കുന്നത്. ദൈവവചനം മനുഷ്യഭാഷയിലായതാണ് ബൈബിൾ എന്നു മനസ്സിലാക്കിക്കൊണ്ടുവേണം അതു വായിക്കാൻ.

ദൈവനിവേശനത്തിന് മറ്റൊരർത്ഥവും കൂടിയുണ്ട്. അതായത്, വിശുദ്ധഗ്രന്ഥകർത്താക്കളെ പ്രചോദിപ്പിച്ച പരിശുദ്ധറൂഹാ തന്നെ ഇത് മനസ്സിലാക്കാനുള്ള അനുഗ്രഹം വായനക്കാർക്കും നല്കുന്നുണ്ട്.

# അദ്ധ്യായം 2

## ബൈബിൾ: ഒരു ചരിത്രപുസ്തകം



സ്വയം വെളിപ്പെടുത്തുന്ന ഒരു ദൈവമാണ് നമുക്കുള്ളത്. മനുഷ്യ ചരിത്രത്തിലൂടെയാണ് അവിടുത്തെ വെളിപ്പെടുത്തൽ. സ്വന്ത ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ച് സകല സൃഷ്ടവസ്തുക്കളുടെയുംമേൽ അവന് അധികാരവും ഉത്തരവാദിത്വവും നല്കിയ സ്നേഹ സമ്പന്നനായ ഒരു ദൈവത്തെയാണു നമ്മൾ ബൈബിളിൽ കണ്ടുമുട്ടുന്നത്. ഈ സുദൃഢമായ ദൈവമനുഷ്യബന്ധത്തിന് ഉലച്ചിൽ സംഭവിച്ചത് മനുഷ്യന്റെ അനുസരണക്കേട് മൂലമാണ്. രക്ഷ ആവശ്യമാക്കിയത് ഈ അവസ്ഥയാണ്. അനുസരണക്കേടിന് തക്കതായ ശിക്ഷ ദൈവം നല്കിയെങ്കിലും ഒരു രക്ഷകനെ വാഗ്ദാനം ചെയ്തുകൊണ്ട് അവിടുന്ന് മനുഷ്യചരിത്രത്തെ മുമ്പോട്ടു നയിച്ചുകൊണ്ടിരുന്നു.

വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനെ മുമ്പിൽ കണ്ടുകൊണ്ട് ദൈവം ഒരു ജനതയെ തിരഞ്ഞെടുത്തു. ഈ രക്ഷാകര പദ്ധതിയാണ് ബൈബിളിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. മനുഷ്യവംശത്തെ പൊതുവായും തിരഞ്ഞെടുക്കപ്പെട്ട ജനതത്തെ പ്രത്യേകിച്ചും കൂടെ നടന്നു സംരക്ഷിച്ചുകൊണ്ട് താൻ അനന്തകാരുണ്യവാനാണെന്നു ദൈവം വെളിപ്പെടുത്തി. തിരഞ്ഞെടുക്കപ്പെട്ട ജനതയുടെ ചരിത്രത്തിൽ ഇടപെടുന്ന ദൈവത്തെക്കുറിച്ചു വിവരിക്കുമ്പോൾ വിശുദ്ധഗ്രന്ഥകാരന്മാർ അവിടുത്തെ വചനങ്ങൾകൂടി രേഖപ്പെടുത്തുന്നുണ്ട്. മനുഷ്യചരിത്രത്തിലെ ദൈവിക ഇടപെടലുകളുടെയും അവിടുത്തെ വചനങ്ങളുടെയും അകൈത്തുകയെ സൂചിപ്പിക്കാനായി ദബാർ യാഹ്‌വേ (Dabar Yahweh) എന്നുപയോഗിക്കാറുണ്ട്. ബൈബിളിന്റെ വെളിച്ചത്തിൽ, മനുഷ്യചരിത്രം രക്ഷാകര ചരിത്രമാണ്. മനുഷ്യനായി ജന്മമെടുത്ത്, ദൈവത്തിനും മനുഷ്യനുമിടയിലെ മധ്യവർത്തിയായി നിലകൊണ്ട്, മാനവവംശത്തെ മുഴുവൻ രക്ഷിച്ച ഈശോയാണ് ഈ രക്ഷാകരചരിത്രത്തിന്റെ കേന്ദ്രബിന്ദു. ചുരുക്കത്തിൽ, സ്നേഹനിധിയായ ദൈവത്തിനു മനുഷ്യവർഗത്തോടുള്ള അനന്തകാരുണ്യത്തിന്റെ വിവരണപ്പുസ്തകമാണ് ബൈബിൾ.




## രക്ഷാകരചരിത്രത്തിൽ പ്രധാനമായും ആറ് ഘട്ടങ്ങളുണ്ട്


1. ചരിത്രാതീത ചരിത്രം
2. പൂർവപിതാക്കന്മാരുടെ കാലഘട്ടം
3. വാഗ്ദത്തദേശത്തേക്കുള്ള പുറപ്പാട്
4. രക്ഷകനുവേണ്ടിയുള്ള തീക്ഷ്ണമായ കാത്തിരുപ്പ്
5. മിശിഹായുടെ കാലഘട്ടം
6. സഭയുടെ കാലഘട്ടം – ഉത്ഥിതനായ മിശിഹായുടെ പ്രവർത്തനകാലം

## 1. ചരിത്രാതീത ചരിത്രം (സൃഷ്ടി മുതൽ അബ്രാഹം വരെ)

വിശുദ്ധഗ്രന്ഥത്തിലെ ആദ്യ 11 അദ്ധ്യായങ്ങളാണ് ഈ കാലഘട്ടം വിവരിക്കുന്നത്. നിയതാർത്ഥത്തിൽ, രക്ഷാകരചരിത്രം അബ്രാഹത്തിന്റെ വിളിയോടെയാണ് ആരംഭിക്കുന്നത് (ഉത്പ 12). അതുകൊണ്ടാണ് അതിനു മുമ്പുള്ള കാലഘട്ടത്തെ ചരിത്രാതീത ചരിത്രം എന്ന് വിളിക്കുന്നത്. പ്രാചീന കാലഘട്ടമെന്നും ഇതറിയപ്പെടുന്നു.


ബൈബിളിലെ ആദ്യ അഞ്ചു പുസ്തകങ്ങളുടെ (തോറ) കർത്താവ് മോശയാണെന്ന് വിശ്വസിക്കപ്പെടുന്നു. ഇസ്രായേൽജനം ഈജിപ്തിൽ അടിമത്തത്തിൽ കഴിഞ്ഞിരുന്ന കാലഘട്ടത്തിലാണല്ലോ മോശ പ്രത്യക്ഷപ്പെടുന്നത്. ആ കാലഘട്ടത്തിലാണ് ദൈവത്തിന്റെ കരുണാപൂർമായ സ്നേഹവും കരുതലുമൊക്കെ ഇസ്രായേൽജനം ആഴത്തിൽ അനുഭവിച്ചറിഞ്ഞത്. ശക്തമായ കരങ്ങൾകൊണ്ട് ദൈവം അവരെ ഈജിപ്തിൽനിന്നു രക്ഷിച്ചു; അവരെ സീനായ് ഉടമ്പടിയുടെ സഹകാരികളാക്കി; ദീർഘിച്ച 40 വർഷങ്ങൾ മരുഭൂമിയിലൂടെ അവരെ





നയിച്ചു; അവസാനം വാഗ്ദാനദേശം അവർക്കു നല്കുകയും ചെയ്തു. യാഹ്‌വേ എന്ന പേരിൽ മോശയ്ക്കു സ്വയം വെളിപ്പെടുത്തിയ ദൈവത്തിലുള്ള ജനതയുടെ വിശ്വാസം വർദ്ധിക്കുന്നതിന് ഈ അനുഭവങ്ങൾ സഹായകരമായി.

പുറപ്പാട് സംഭവുമായി ബന്ധപ്പെട്ട ദൈവിക ഇടപെടലുകൾ സൃഷ്ടിയുടെ ആരംഭത്തിലേതിനു സമാനമാണ്. ശൂന്യാവസ്ഥയിൽനിന്നുള്ള സൃഷ്ടികർമ്മത്തിനു സമാനമായിരുന്നു ഈജിപ്തിലെ അടിമത്തത്തിൽനിന്നുള്ള ഇസ്രായേൽ ജനത്തിന്റെ വിമോചനം. സൃഷ്ടികർമ്മത്തിന്റെ ചരിത്രം വർണ്ണിക്കുവാൻ ഗ്രന്ഥകർത്താവ് തനിക്കു ചുറ്റുമുള്ള ജനങ്ങളുടെ ഇടയിൽ പ്രചാരത്തിലിരുന്ന കഥകളും ഐതിഹ്യങ്ങളും കടമെടുത്തു. സൃഷ്ടിയുടെ ചരിത്രം വിവരിക്കുന്ന ഗ്രന്ഥകർത്താവിന് മതപരമായ ഉദ്ദേശ്യം മാത്രമേയുള്ളു; ശാസ്ത്രതത്ത്വങ്ങളോ സാങ്കേതിക പരിജ്ഞാനമോ പകർന്നു നല്കുക ലക്ഷ്യമല്ല. ദൈവമാണ് സർവ പ്രപഞ്ചത്തിന്റെയും ഉത്ഭവവും ഉറവിടവുമെന്നും എല്ലാം അവിടുത്തെ പദ്ധതിയനുസരിച്ചാണ് സംഭവിക്കുന്നതെന്നു വ്യക്തമാക്കുകയാണ് സൃഷ്ടിവരണങ്ങളുടെ ലക്ഷ്യം.




മനുഷ്യന്റെ പ്രവർത്തനശൈലി എന്നും ഒരുപോലെയാണ്. ആദി മാതാപിതാക്കൾ ദൈവഹിതത്തിനെതിരെ പ്രവർത്തിച്ച് പാപം ചെയ്തതുപോലെ, മോശയുടെ കാലത്തെ പുറപ്പാട് തലമുറയും ദൈവത്തിനെതിരെ തിരിഞ്ഞു. ദൈവം നീതിമാനായതിനാൽ തെറ്റു ചെയ്യുന്നവരെ അവിടുത്തേക്കു ശിക്ഷിക്കാതിരിക്കാനാവില്ല. ആദിമാതാപിതാക്കളെ ശിക്ഷിച്ചതുപോലെ ഉടമ്പടിയുടെ മക്കളെയും ദൈവം ശിക്ഷിച്ചു. ദൈവത്തിന്റെ കരുണ നീതിയെ വിജയിക്കുന്നതായതുകൊണ്ട് ഇതിന്റെയെല്ലാം അവസാനം രക്ഷയുടെ വാഗ്ദാനത്തിലാണ്. സൃഷ്ടി, പാപം, ശിക്ഷ, രക്ഷാവാഗ്ദാനം എന്നീ നാല് കാര്യങ്ങളുടെ ക്രമമായ ആവർത്തനം ഉല്പ 1-11 ൽ കാണാൻ സാധിക്കും. ആദത്തിലും ഹവ്വായിലും (3,15), കായേന്റെ ജീവിതത്തിലും (4,15), നോഹയുടെ തലമുറയിലും (8,12) ഇത് ദൃശ്യമാണ്. പതിനൊന്നാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന ബാബേൽ ഗോപുരവുമായി ബന്ധപ്പെട്ട പാപത്തെക്കുറിച്ച് വിവരിക്കുന്ന ഭാഗം അവസാനിക്കുന്നത് രക്ഷയുടെ വാഗ്ദാനത്തെക്കുറിച്ചുള്ള പ്രതീക്ഷ ഉണർത്തിക്കൊണ്ടാണ് (അബ്രാഹത്തിന്റെ വിളിയിൽ നമ്മൾ കാണുന്നത് ഇതാണ് (ഉല്പ 12).

www.malankaralibrary.com

## 2. പൂർവപിതാക്കന്മാരുടെ കാലഘട്ടം (അബ്രാഹം മുതൽ മോശ വരെ)

ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ ചരിത്രം ആരംഭിക്കുന്നത് ഉല്പ 12-ൽ രേഖപ്പെടുത്തിയിരിക്കുന്ന അബ്രാഹത്തിന്റെ വിളിയിലൂടെയാണ്. ദൈവജനത്തിന്റെ പിതാവായി ദൈവം അബ്രാഹത്തെ വിളിക്കുന്നു. ദൈവത്തിന്റെ വിളിയിൽത്തന്നെ ഇത് ദൈവം വ്യക്തമാക്കുന്നുണ്ട്: നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗ്രഹിതരാകും(ഉല്പ 12,3). തന്റെ രക്ഷാകരപദ്ധതിയിൽ ലോകം മുഴുവനെയും ഉൾപ്പെടുത്തുന്നതിൽ ഒരു ഉപകരണമാക്കാനാണ് ദൈവം അബ്രാഹത്തെയും അദ്ദേഹത്തിലൂടെ ഒരു ജനതയെയും തിരഞ്ഞെടുത്തത്. ഇസഹാക്കിനെ ബലിയർപ്പിക്കുവാൻ തയ്യാറായ അവസരത്തിൽ ഈ ലോകരക്ഷയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തിക്കൊണ്ട് ദൈവം അബ്രാഹത്തോട് പറഞ്ഞു: നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ട്, നിന്റെ സന്തതിയിലൂടെ ലോകത്തിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും(ഉല്പ 22,18). അബ്രാഹത്തിനു വാഗ്ദാനം ചെയ്യപ്പെട്ട ഈ പുത്രൻ പുതിയ നിയമത്തിലെ ഈശോ തന്നെയാണ് (മത്താ 1,1).

ദൈവജനത്തിന്റെ പൂർവപിതാക്കന്മാരായ അബ്രാഹം, ഇസഹാക്ക്, യാക്കോബ്, യൗസേപ്പ് എന്നിവരുടെ ചരിത്രമാണ് ഉല്പ 12-50 അദ്ധ്യായങ്ങളിൽ നമ്മൾ വായിക്കുന്നത്. രക്ഷകനായ മിശിഹായുടെ വരവും കാത്ത് പ്രത്യാശയോടെ ജീവിച്ചവരാണവർ (യോഹ 8,56). ആധുനിക പുരാവസ്തു ഗവേഷണവും മറ്റു ബൈബിൾ സംബന്ധമായ കണ്ടുപിടുത്തങ്ങളും ഈ പൂർവപിതാക്കന്മാരക്കുറിച്ചുള്ള വിവരണങ്ങളുടെ വാസ്തവികത തെളിയിക്കുന്നവയാണ്. ഇന്നത്തെ കുവൈറ്റിനടുത്ത് 19-ാം നൂറ്റാണ്ടിൽ അബ്രാഹം ജീവിച്ചിരുന്നുവെന്ന് ചരിത്രപരമായി അംഗീകരിക്കപ്പെടുന്നുണ്ട്.

അബ്രാഹത്തിന്റെ പൗത്രനായ യാക്കോബിന് 12 മക്കളാണുണ്ടായിരുന്നത്. ഇളയ പുത്രനായ യൗസേപ്പിനോട് അസൂയ പൂണ്ട മൂത്ത പുത്രന്മാർ അവനെ ഈജിപ്തുകാർക്ക് വില്ക്കുന്നു. എന്നാൽ, ദൈവത്തിന്റെ പരിപാലനയാൽ ഫറവോയുടെ പ്രീതിയ്ക്കു പാത്രീഭൂതനായയൗസേപ്പ് ഈജിപ്തിന്റെ അധിപനായി. തങ്ങളുടെ നാട്ടിലുണ്ടായ രൂക്ഷമായ ക്ഷാമം നിമിത്തം യാക്കോബും കുടുംബവും ഈജിപ്തിലേക്ക് പലായനം ചെയ്യുവാൻ നിർബന്ധിതരായി. യൗസേപ്പാകട്ടെ പഴയ കഥയൊന്നും മനസ്സിൽവയ്ക്കാതെ അവരെ പൂർണ്ണമനസ്സോടെ സ്വീകരിച്ചു. യാക്കോബിന്റെ മക്കൾ




ഈജിപിതിൽ സുരക്ഷിതരും സുഭിക്ഷരുമായി പാർക്കുന്നതു വിവരിച്ചുകൊണ്ടാണ് ഉല്പ്പത്തിപ്പുസ്തകം അവസാനിക്കുന്നത്.

## 3. വാഗ്ദത്തഭൂമിയിലേക്കുള്ള പുറപ്പാട് (മോശ മുതൽ ദാവീദ് വരെ)

യാക്കോബിന്റെ കുടുംബത്തിന് ഈജിപ്തിൽ വച്ചുണ്ടായ ദുരനുഭവങ്ങളും അതിന്റെ അനന്തരഫലങ്ങളും വിവരിക്കുന്ന പുസ്തകമാണ് ബൈബിളിലെ രണ്ടാമത്തെ പുസ്തമായ പുറപ്പാട്. യൗസേപ്പിനെ അറിയാത്ത ഒരു ഭരണാധികാരി ഈജ്പ്തിൽ ഭരണമേറ്റതോടെ വലിയ ജനതയായി തീർന്നിരുന്ന യാക്കോബിന്റെ കുടുംബത്തിന്റെ കഷ്ടതകൾ ആരംഭിക്കുകയായി. സർവവിധത്തിലും അവർ പീഡിപ്പിക്കപ്പെടുകയും അടിമവേലയ്ക്ക് നിർബന്ധിതരാവുകയും ചെയ്തു (പുറ 1,11). റാംസെസ് രണ്ടാമന്റെ (1290-1240 ബി.സി.) കാലത്താണ് ഇത് സംഭവിക്കുന്നത്. അടിമത്തത്തിൽനിന്നും അവരെ രക്ഷിച്ച് ദൈവം അവരെ സീനായ് ഉടമ്പടിയിൽ പങ്കാളികളാക്കി. ഈ ഉടമ്പടിയുടെ വ്യവസ്ഥകളാണ് പത്ത് പ്രമാണങ്ങൾ. ഈ ഉടമ്പടിയിലൂടെ യാക്കോബിന്റെ സന്തതികൾ ഇസ്രായേൽ ആവുകയും ഒപ്പം ദൈവത്തിന്റെ സ്വന്തം ജനമായിത്തീരുകയും ചെയ്തു. ദൈവത്തിന്റെ ജനമായി ജീവിക്കാനുള്ള നിർദ്ദേശങ്ങളാണ് ലേവ്യർ, സംഖ്യ എന്നീ പുസ്തകങ്ങളിലാണ്.

മോശയുടെ കാലശേഷം ജോഷ്വായാണ് ഇസ്രായേൽ ജനത്തെ വാഗ്ദാനദേശത്തിലേക്ക് പ്രവേശിപ്പിച്ചത് (ബി.സി. 13-നും 11-നുമിടയ്ക്ക്). കാനാൻദേശവാസികൾ ബഹുദൈവവിശ്വാസികളായിരുന്നു. ഏകദൈവമായ യാഹ്വേയെ തിരസ്കരിച്ച് ബഹുദൈവവിശ്വാസത്തിലേക്ക് വഴുതിവീഴാതിരിക്കാൻ ഇസ്രായേൽ ജനത്തിന് ആവർത്തിച്ചാവർത്തിച്ച് മുന്നറിയിപ്പ് നല്കപ്പെട്ടിരുന്നു. ജോഷ്വായുടെ മരണശേഷം (ബി.സി. 1225) ഇസ്രായേൽജനം കാനാന്യർ, ഫിലിസ്ത്യർ, അമോന്യർ, അമലേക്യർ, മിദിയാന്യർ എന്നിവരാൽ പീഡിപ്പിക്കപ്പെട്ടു. ഈ അവസരത്തിലാണ് ഇസ്രായേൽ ജനത്തിന്റെ സംരക്ഷകരായി ന്യായാധിപന്മാർ പ്രത്യക്ഷപ്പെടുന്നത്. 13 ന്യായാധിപന്മാരിൽ പ്രധാനപ്പെട്ടവർ ദെബോറ, ഗിദെയോൻ, ജെഫ്താ, സാംസൺ, സാമുവൽ എന്നിവരായിരുന്നു. പിന്നീട്, രാജാക്കന്മാരുടെ കാലഘട്ടമാരംഭിച്ചപ്പോൾ സാവൂളിനെ സാമുവൽ ഇസ്രായേൽ ജനത്തിന്റെ രാജാവായി അവരോധിച്ചു (ഏകദേശം ബി.സി. 1025). എന്നാൽ, ദൈവത്തോടുള്ള അവിശ്വസ്തതമൂലം ദൈവതിരുമുമ്പിൽ അദ്ദേഹം തിരസ്കൃതനായി (1 സാമു 13,8-14; 15,8-28).




## 4. മിശിഹായ്ക്കുവേണ്ടിയുള്ള തീക്ഷ്ണമായ കാത്തിരിപ്പ്



രക്ഷകനായ മിശിഹായ്ക്കുവേണ്ടിയുള്ള തീക്ഷ്ണമായ കാത്തിരിപ്പിനെപ്പറ്റി വിവരിക്കുന്നത് പഴയനിയമത്തിലെ പ്രവാചകഗ്രന്ഥങ്ങളാണ്. ഏകദേശം ബി.സി. 998-ഓടുകൂടി ദാവീദ് ഇസ്രായേൽ ജനത്തിന്റെ രാജാവാകുകയും നീണ്ട 40 വർഷങ്ങൾ ഭരിക്കുകയും ചെയ്തു (1 രാജാ 2:11). അദ്ദേഹം ഹെബ്രോണിൽനിന്നു തലസ്ഥാനം ജറൂസലേമിലേക്ക് മാറ്റുകയും അവിടെ ഒരു കൊട്ടാരം നിർമ്മിക്കുകയും ചെയ്തു. ദൈവത്തിനുവേണ്ടി ഒരു ആലയം നിർമ്മിക്കണമെന്ന ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. ഈ സന്ദർഭത്തിലാണ് രക്ഷകനായ മിശിഹായെക്കുറിച്ചു ദൈവം ദാവീദുമായി ഒരു ഉടമ്പടി സ്ഥാപിക്കുന്നത്: ദിനങ്ങൾ തികഞ്ഞു നീ പൂർവ്വകരോട് ചേരുമ്പോൾ നിന്റെ ഔരസപുത്രനെ ഞാൻ ഉയർത്തി അവനെ രാജ്യം സുസ്ഥിരമാക്കും. അവൻ എനിക്ക് ആലയം പണിയും; അവന്റെ രാജസിംഹാസനം ഞാൻ എന്നേയ്ക്കും സ്ഥിരപ്പെടുത്തും. ഞാൻ അവന്റെ പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും(2 സാമു 7,12-14). വരാനിരിക്കുന്ന മിശിഹാ ദാവീദിന്റെ പുത്രൻആയിരിക്കുമെന്ന ഇസ്രായേൽ ജനത്തിന്റെ വിശ്വാസത്തിന്റെ അടിസ്ഥാനം ദൈവത്തിന്റെ ഈ വാഗ്ദാനത്തിലാണ്. ദാവീദിന്റെ മകനായ സോളമൻ 40 വർഷങ്ങൾ ഇസ്രായേലിനെ ഭരിച്ചെങ്കിലും, ജറൂസലേം ദൈവാലയം പണി കഴിപ്പിച്ചെങ്കിലും, അദ്ദേഹത്തിന്റെ രാജ്യം എന്നേക്കും നിലനില്ക്കുന്നതായിരുന്നില്ല (1 രാജാ 11,42). ദാവീദിന്റെയും ദൈവത്തിന്റെയും പുത്രനായ ഒരു മിശിഹായെക്കുറിച്ചുള്ള പ്രതീക്ഷ ശക്തമായി തുടരാൻ കാരണമിതാണ്.

സോളമന്റെ മരണശേഷം രാജ്യം രണ്ടായി: പലസ്തീനായുടെ തെക്കുഭാഗത്തുള്ള ജറൂസലേം തലസ്ഥാനമാക്കി യൂദാരാജ്യവും (യൂദാ-ബഞ്ചമിൻ ഗോത്രങ്ങൾ; രാജാവ് - റഹോബോവാം: ബി.സി. 931-913), വടക്കുള്ള ഷെക്കെം തലസ്ഥാനമാക്കി ഇസ്രായേൽരാജ്യവും (ജെറോബോവാം രാജാവായ ബാക്കി 10 ഗോത്രങ്ങൾ; രാജാവ് - ജെറോബോവാം: ബി.സി. 931-910) നിലവിൽവന്നു. ബി.സി. 722-21-ൽ വടക്കേ രാജ്യമായ ഇസ്രായേൽ അസ്സീറിയാക്കാർ ആക്രമിച്ചു (2 രാജാ 17:5-6). ബി.സി. 587-ൽ തെക്കൻരാജ്യമായ യൂദാ ബാബിലോണിയക്കാരാലും ആക്രമിക്കപ്പെട്ടു. ബാബിലോണിയായിലേക്ക്



നാടുകടത്തപ്പെട്ടവർ 50 വർഷക്കാലം അവിടെ അടിമകളായി ജീവിച്ചു. പിന്നീട്, പേർഷ്യക്കാർ ബാബിലോൺ കീഴടക്കിയപ്പോൾ ഇസ്രായേൽക്കാരെ മോചിപ്പിക്കുകയും സ്വന്തനാട്ടിലേക്ക് പോകാൻ അനുവദിക്കുകയും ചെയ്തു. ബി.സി. 37-4 കാലഘട്ടത്തിൽ റോമാക്കാർ ഹെറോദിനെ യൂദായുടെ രാജാവായി വാഴിച്ചു. അദ്ദേഹത്തിന്റെ ഭരണകാലത്താണ് ബെത്ലഹേമിൽ ഈശോ മിശിഹാ പിറക്കുന്നത് (മത്താ 2,1).

## 5. മിശിഹായുടെ കാലഘട്ടം

പുതിയ നിയമത്തിലെ സുവിശേഷങ്ങൾ മനുഷ്യനായവതരിച്ച ഇശോമിശിഹായുടെ ചരിത്രമാണ് അവതരിപ്പിക്കുന്നത്. ബി.സി ഒന്നാം നൂറ്റാണ്ടിൽ, റോമൻ ആധിപത്യത്തിൻകീഴിൽ ഹേറോദ് പലസ്തീനയിൽ രാജാവായിരിക്കുന്ന കാലത്താണ് ഇശോയുടെ ജനനം. ഹേറോദ് ബി.സി. 4-ൽ മരിച്ചു. അതുകൊണ്ട് ഈശോ ജനിച്ചത് ബി.സി 4ന് മുമ്പായിരിക്കണം. യഥാർത്ഥത്തിൽ ക്രിസ്തുവർഷഗണന ആരംഭിച്ചത് ഇശോയുടെ ജനനത്തെ അടിസ്ഥാനമാക്കിയല്ല; എ.ഡി 525- ൽ ഡയോണിഷ്യസ് എക്സ്ഗൂസ് എന്ന റോമൻ മഠാധിപതി അവതരിപ്പിച്ച തെറ്റായ കണക്കുകൂട്ടലിന്റെ അടിസ്ഥാനത്തിൽ, ക്രസ്തുവർഷം ആരംഭിച്ചിരിക്കുന്നത് ഈശോയുടെ ജനനത്തിന് നാലു വർഷങ്ങൾക്ക് ശേഷമാണ്.

ലൂക്കാസുവിശേഷകൻ ഇശോയുടെ ജനനത്തെ അവതിരപ്പിച്ചരിക്കുന്നത് ബി.സി 30 മുതൽ എ.ഡി 14 വരെ റോമാ സാമ്രാജ്യം ഭരിച്ചിരുന്ന അഗസ്റ്റസ് സീസർ പുറപ്പെടുവിച്ച പേരെഴുതിക്കൽ കല്പനയുടെ പശ്ചാത്തലത്തിലാണ് (ലൂക്കാ 2,5). അഗസ്റ്റസിന്റെ പിൻഗാമിയായിരുന്ന തിബേരിയൂസ് സീസറിന്റെ ഭരണത്തിന്റെ (14-37 എ.ഡി) ഭരണത്തിന്റെ 15-ാം വർഷമാണ് ഈശോ തന്റെ 30-ാം വയസിൽ പരസ്യ ജീവിതം ആരഭിക്കുന്നത്.



ഹേറോദ് രാജാവിന്റെ മരണശേഷം (മത്താ 2,19) രാജ്യം അദ്ദേഹത്തിന്റെ മൂന്നു മക്കൾക്കായി വിഭജിക്കപ്പെട്ടു. മൂത്തമകനായ അർക്കലാവുസ് യൂദയായും സമരിയായും ഇദുമെയായുമുൾപ്പെടുന്ന പ്രദേശത്തു ഭരിച്ചു. എന്നാൽ, ദുർഭരണംമൂലം അദ്ദേഹം എല്ലാവരാലും വെറുക്കപ്പെട്ടു (മത്താ 2,22). തത്ഫലമായി എ.ഡി. 6 ൽ റോമാക്കാൽ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും അദ്ദേഹത്തിന്റെ പ്രദേശം റോമൻ പ്രവിശ്യയായി മാറ്റുകയും ചെയ്തു.

യൂദയാ പ്രദേശം അർക്കലാവൂസിനു ലഭിച്ചപ്പോൾ ഗലീലിപ്രദേശം ഹേറോദ് അന്തിപ്പാസിനും (ബി.സി. 4-എ.ഡി. 39) ഗലീലിയുടെ വടക്കു-കിഴക്കുഭാഗങ്ങൾ ഫിലിപ്പിനുമായി (ബി.സി. 4-എ.ഡി.34) നല്കപ്പെട്ടു (ലൂക്ക 3,2). ഈജിപ്തിൽനിന്നു തിരിച്ചു വന്ന തിരുക്കുടുംബം താമസമാക്കുന്നത് ഗലീലിപ്രദേശത്തായിരുന്നു (മത്താ 2,22). ഈശോയുടെ പരസ്യജീവിതത്തിന്റെ ആദ്യഭാഗവും ഹെറോദ് അന്തിപ്പാസിന്റെ ഭരണ പ്രദേശത്തായിരുന്നു (ലൂക്കാ 13,1-32). തന്റെ ഭാര്യയെ ഉപേക്ഷിച്ച് സഹോദരഭാര്യയുമായി ജീവിച്ച ഈ ഭരണാധികാരിക്കെതിരെ സംസാരിച്ച യോഹന്നാൻ മാംദാനയെ ശിരച്ഛേദം ചെയ്യിപ്പിച്ചതും ഈ ഹേറോദാണ് (മർക്കോ 6,17).




ദൈവരാജ്യത്തെക്കുറിച്ചുള്ള സദ്വാർത്ത അറിയിച്ചുകൊണ്ടും നന്മ ചെയ്തുകൊണ്ടും ഈശോ, ഗലീലിയിലെ ഗ്രാമങ്ങൽ തോറും ചുറ്റി സഞ്ചരിച്ചു (മർക്കോ 1,15). തന്റെ വാക്കുകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും അവിടുന്നു ദൈവരാജ്യം സ്ഥാപിക്കുകയായിരുന്നു. ദൈവികമായ ആധികാരത്തോടെ സുവിശേഷവചനം പ്രസംഗിച്ചുകൊണ്ടും മോശയുടെ നിയമത്തിന് പുതിയ വ്യാഖ്യാനം നല്കിക്കൊണ്ടും അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടും ജനങ്ങളെ പീഡനങ്ങ



ളിൽനിന്ന് അവിടുന്നു രക്ഷിച്ചു. അവിടുത്തെ വ്യക്തിത്വത്തിലും പ്രബോധനത്തിലും ആകൃഷ്ടരായ വലിയൊരു ജനവിഭാഗം അവിടുത്തെ അനുഗമിച്ചു, ശിഷ്യന്മാരായി. ഈശോയെ മിശിഹായായി, ക്രിസ്തുവായി ഏറ്റുപറഞ്ഞ പത്രോസ്ശ്ലീഹാ ഈ ശിഷ്യന്മാരുടെ ഒരു പ്രതിനിധിയാണ്.

അർക്കലാവുസിനെ സ്ഥാനഭ്രഷ്ടനാക്കിയശേഷം യൂദയാ ഭരിക്കാനായി റോമാചക്രവർത്തി ഗവർണമാരെ അഥവാ പ്രൊക്യുറേറ്റർമാരെ നിയമിച്ചു. ഈശോയുടെ പരസ്യജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ പന്തിയോസ് പീലാത്തോസ് (26-36 എ.ഡി.) ആയിരുന്നു യൂദയായിലെ റോമൻ ഗവർണർ. ഈശോയുടെ പ്രവൃത്തികളിൽ അസൂയാലുക്കളും രോഷാകുലരായ പുരോഹിത പ്രമുഖരും ജനപ്രമാണികളും അവിടുത്തെ ദൈവദൂഷകൻ എന്നു മുദ്ര കുത്തുകയും (മർക്കോ 14,64), രാജാവാണെന്ന് അവകാശപ്പെട്ട് ജനത്തിനിടയിൽ കലഹം സൃഷ്ടിക്കുന്നു എന്നാരോപിച്ച് (മത്താ 27,11-29; യോഹ 18,33-38; 19,19-22) അവിടുത്തെമേൽ കുറ്റം ചുമത്തുകയും ചെയ്തു. അവിടുത്തെ ക്രൂശിക്കുന്നതിൽ അങ്ങനെ അവർ വിജ



യിക്കുകയും ചെയ്തു. തിബേരിയൂസ് ചക്രവർത്തിയുടെ ഭരണകാലത്ത് യൂദയാ ഗവർണരായിരുന്ന പന്തിയോസ് പീലാത്തോസിനാലാണ് ഈശോയ്ക്ക് വധശിക്ഷ ഏല്ക്കേണ്ടിവന്നതെന്ന് റോമൻ ചരിത്രകാരനായ ടാസിറ്റസും (55-120 എ. ഡി.) സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ, ആത്യന്തിക വിജയം ഈശോയുടേതായിരുന്നു. അവിടുന്നു മരിച്ചവരിൽനിന്ന് മൂന്നാംനാൾ ഉയിർക്കുകയും സ്വർഗത്തിലേക്ക് ആരോഹണം ചെയ്യുന്നതിനുമുമ്പ് തന്റെ ശിഷ്യരോടൊത്ത് കുറച്ചധികം നാൾ ചിലവഴിക്കുകയും ചെയ്തു (ലൂക്കാ 24).

## 6. തിരുസഭയുടെ കാലഘട്ടം - ഉത്ഥിതനായ മിശിഹായുടെ കാലം


തന്റെ സ്വർഗാരോഹണത്തിനു മുമ്പ് ഈശോ തന്റെ ശിഷ്യന്മാരെ ലോകത്തിന്റെ അതിർത്തികൾവരെയും തനിക്കു സാക്ഷികളാവാൻ നിയമിച്ചാക്കി (അപ്പ 1,8). അതിനവരെ ശക്തരാക്കുന്നതിന് അവിടുന്ന് അവർക്ക് പരിശുദ്ധാറൂഹായെ നല്കുകയും ചെയ്തു. നസ്രായനായ ഈശോ ദൈവപുത്രനും വാഗ്ദാനം ചെയ്യപ്പെട്ട രക്ഷക മിശിഹായുമാണെന്ന് പന്തക്കുസ്താദീനം മുതൽ അവർ പ്രഘോഷിക്കുവാൻ തുടങ്ങി. ഈശോയിൽ വിശ്വസിച്ചവരെല്ലാവരും അവിടുത്തെ നാമത്തിൽ മാമ്മോദീസാ മുങ്ങി മാർഗവാസികളായി (അപ്പ 9,2). ആദിമ സഭയുടെ ചരിത്രം അപ്പസ്തോല പ്രവർത്തനങ്ങൾ വ്യക്തമായി രേഖപ്പെടുത്തുന്നുണ്ട്. പുതുതായി രൂപംകൊണ്ട വിശ്വാസിസമൂഹത്തിന് വിശ്വാസത്തിൽ ആഴപ്പെടേണ്ടതും അതു പ്രവൃത്തിപഥത്തിലെത്തിക്കേണ്ടതും ആവശ്യമായി വന്നു. സുവിശേഷ മൂല്യങ്ങൾക്കനുസരിച്ച് ജീവിക്കുന്നതിനും വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് അവരെ നയിക്കുന്നതിനുംവേണ്ടി ശ്ലീഹന്മാർ, പ്രധാനമായും പൗലോസ്ശ്ലീഹാ പല ലേഖനങ്ങളും എഴുതി. പുതിയ അവകാശവും പുതിയ ഭൂമിയും ലക്ഷ്യംവച്ചുള്ള തിരുസഭയുടെ തീർത്ഥാടനമാണ് ബൈബിളിലെ അവസാന പുസ്തകമായ വെളിപാട് അവതരിപ്പിക്കുന്നത്.



www.malankaralibrary.com

# അദ്ധ്യായം 3
# വിശുദ്ധഗ്രന്ഥ കാനൻ

ദൈവനിശ്വസിത ഗ്രന്ഥങ്ങളുടെ ഔദ്യോഗിക പട്ടികയ്ക്കാണ് കാനൻ എന്നു പറയുന്നത്. അളവ്, മാനദണ്ഡം, പ്രമാണം എന്നൊക്കെ അർത്ഥമുള്ള കാനോൻ എന്ന ഗ്രീക്കു പദത്തിൽനിന്നാണ് ഈ പദത്തിന്റെ ഉല്പ്പത്തി. ക്രൈസ്തവന്റെ വിശ്വാസജീവിതത്തിന്റെയും ധാർമികതയുടെയും ലിഖിത മാനദണ്ഡമെന്ന നിലയിലാണ് സഭ ഔദ്യോഗികമായി അംഗീകരിച്ച വിശുദ്ധ ഗ്രന്ഥങ്ങളെ കാനോനിക ഗ്രന്ഥങ്ങൾ എന്നു വിളിക്കുന്നത്. തിരുസഭയിലെ ഔദ്യോഗിക നിയമസംഹിതയ്ക്ക് കാനൻ നിയമം എന്നാണല്ലോ പറയുന്നത്.




ഇന്നു നമ്മുടെ കൈവശമുള്ള ബൈബിൾ ഇന്നത്തെ രൂപം പ്രാപിച്ചത് നൂറ്റാണ്ടുകൾകൊണ്ടാണ്. ഏതെല്ലാമാണ് ദൈവനിവേശിത ഗ്രന്ഥങ്ങൾ എന്നു തിരുസഭയാണ് ഔദ്യോഗികമായി പ്രഖ്യാപിച്ചിരിക്കുന്നത്. ആരംഭം മുതലേ, വ്യത്യസ്ത ശ്ലൈഹിക സഭകൾക്കിടയിൽ ദൈവനിവേശിത ഗ്രന്ഥങ്ങളുടെ ലിസ്റ്റിനെക്കുറിച്ച് ഏകാഭിപ്രായമുണ്ടായിരുന്നു. വളരെ ചുരുക്കം പുസ്തകങ്ങളുടെ കാര്യത്തിൽ മാത്രമേ സംശയമുണ്ടായിരുന്നുള്ളു. 1546 ൽ കൂടിയ ത്രെന്തോസ് സൂനഹദോസാണ് 73 ഗ്രന്ഥങ്ങൾ ദൈവനിവേശിതമാണ് എന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

## 1. പഴയനിയമ കാനൻ

ക്രൈസ്തവ സഭയ്ക്ക് ആരംഭ കാലത്ത് യഹൂദരിൽനിന്നു ലഭിച്ച പഴയനിയമ ഗ്രന്ഥങ്ങൾ മാത്രമേ വിശുദ്ധഗ്രന്ഥമായി ഉണ്ടായിരുന്നുള്ളു. പ്രസ്തുത ഗ്രന്ഥങ്ങളുടെ എണ്ണത്തെ സംബന്ധിച്ചു യഹൂദർക്കിടയിൽ രണ്ട് മുഖ്യ അഭിപ്രായങ്ങളുണ്ടായിരുന്നു:

### 1. പലസ്തീനിയൻ കാനൻ

ദൈവനിവേശിത ഗ്രന്ഥങ്ങൾ ഹീബ്രുഭാഷയിലുള്ള 24 ഗ്രന്ഥങ്ങൾ മാത്രമാണ് എന്ന് ഒന്നാം നൂറ്റാണ്ടിൽ പലസ്തീനായിൽ ജീവിച്ചിരുന്ന യഹൂദർ നിശ്ചയിച്ചു. ഇന്നും യഹൂദർ അംഗീകരിച്ചുപോരുന്ന ഈ ലിസ്റ്റാണ് പലസ്തീനിയൻ കാനൻ അഥവാ പൂർവ കാനോനിക ഗ്രന്ഥങ്ങൾ എന്നറിയപ്പെടുന്നത്. പ്രോട്ടസ്റ്റന്റു സഭാവിഭാഗങ്ങളും ഈ ലിസ്റ്റാണ് അംഗീകരിക്കുന്നത്. സമറിയാക്കാർ ആദ്യത്തെ അഞ്ചു ഗ്രന്ഥങ്ങൾ (തോറാ) മാത്രമേ സ്വീകരിക്കുന്നുള്ളു.

www.malankaralibrary.com

## 2. അലക്സാണ്ഡ്രിയൻ കാനൻ

പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷയായ സപ്തതി (Septuagint) പ്രകാരമുള്ള ഗ്രന്ഥങ്ങളുടെ പട്ടികയ്ക്കാണ് അലക്സാണ്ഡ്രിയൻ കാനൻ എന്നു പറയുന്നത്; മിശിഹായ്ക്കു മുമ്പ് 3-2 നൂറ്റാണ്ടിൽ അലക്സാണ്ഡ്രിയായിലാണ് സപ്തതി രൂപംകൊണ്ടത്. പലസ്തീനിയൻ കാനനിൽ ഇല്ലാത്തതും ഗ്രീക്കു പരിഭാഷയിലുള്ളതുമായ ഏഴു പുസ്തകങ്ങൾ (തോബിത്, യൂദിത്ത്, 1,2 മക്കബായർ, ബാറൂക്ക്, ജ്ഞാനം, പ്രഭാഷകൻ) ഉത്തരകാനോനിക ഗ്രന്ഥങ്ങൾ എന്നാണ് അറിയപ്പെടുന്നത്. ക്രൈസ്തവസഭയിൽ ആരംഭകാലത്ത് ഈ രണ്ടു ലിസ്റ്റുകളും ഉപയോഗത്തിലിരുന്നു. എന്നാൽ, ക്രമേണ ഏഴു ഗ്രന്ഥങ്ങൾ കൂടുതലുള്ള അലക്സാണ്ഡ്രിയൻ കാനൻ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടു.



## 2. പുതിയനിയമ കാനൻ

ശ്ലീഹന്മാരോ അവരുടെ സഹപ്രവർത്തകരോ എഴുതിയ ഗ്രന്ഥങ്ങളെ പഴയനിയമ ഗ്രന്ഥങ്ങളോടൊപ്പം തന്നെ ദൈവനിവേശിതങ്ങളായി ഒന്നാം നൂറ്റാണ്ടിന്റെ ആരംഭംമുതലേ ആദിമസഭാസമൂഹങ്ങൾ പരിഗണിച്ചുപോന്നു. പൗലോസ്ശ്ലീഹായാണ് താൻ സ്ഥാപിച്ച വിവിധ സ്ഥലങ്ങളിലെ സഭകൾക്കെഴുതി തുടങ്ങിയത്. വ്യക്തിസഭകൾക്കാണ് പൗലോസ്ശ്ലീഹായുടെ ലേഖനങ്ങൾ എഴുതപ്പെട്ടതെങ്കിലും അവയുടെ പ്രതികൾ സമീപ സഭകളിലും ആരാധനയിൽ വായിക്കപ്പെടുക പതിവായിരുന്നു. അപ്പസ്തോലിക പിതാക്കന്മാരായ റോമിലെ ക്ലെമന്റ്, ഇഗ്നേഷ്യസ്, പോളിക്കാർപ്, ബർണബാസ് തുടങ്ങിയവർ പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളിൽനിന്നു ധാരാളമായി ഉദ്ധരിക്കുന്നതിൽനിന്ന് അവ എത്രമാത്രം പ്രചാരത്തിലായിരുന്നു എന്നൂഹിക്കാം.

പുതിയനിയമ ഗ്രന്ഥങ്ങളുടെ എണ്ണത്തെക്കുറിച്ച് ആദ്യമായി പരാമർശിച്ചുകാണുന്നത് മാർസിയൻ (മിശിഹാവർഷം 140) എന്ന പാഷണ്ഡിയാണ്. അദ്ദേഹം വിശുദ്ധ ലൂക്കാ അറിയിച്ച സുവിശേഷത്തെയും പൗലോസ്ശ്ലീഹായുടെ 10 ലേഖനങ്ങളെക്കുറിച്ചു മാത്രമേ അദ്ദേഹം സൂചിപ്പിക്കുന്നുള്ളു. മിശിഹാവർഷം 180 ൽ റോമിൽവച്ചു വിരചിതമായതും 1740 ൽ മിലാനിലെ അബ്രോസിയൻ ലൈബ്രറിയിൽനിന്ന് മൂറത്തോറി കണ്ടെത്തിയതുമായ, മൂറത്തോറിയൻ രേഖാശകലത്തിൽ, ഹെബ്രായലേഖനം, യാക്കോബ്, 1,2 പത്രോസ്, 3 യോഹന്നാൻ എന്നിവ ഒഴികെ മറ്റെല്ലാ ഗ്രന്ഥങ്ങളും പരാമർശിക്കപ്പെടുന്നുണ്ട്. തിരുസഭാചരിത്രകാരനായ എവുസേബിയൂസ് (മിശിഹാവർഷം 325) നാലു സുവിശേഷങ്ങൾ, അപ്പ. പ്രവർത്തനങ്ങൾ,

www.malankaralibrary.com

പൗലോസ്ശ്ലീഹായുടെ 14 ലേഖനങ്ങൾ, 1 പത്രോ, 1 യോഹ, വെളിപാട് എന്നീ ഗ്രന്ഥങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ലവോദിക്കിയ സമ്മേളനത്തിൽ (മിശിഹാവർഷം 363) വെളിപാട് ഒഴികെ പഴയ-പുതിയ നിയമങ്ങളിലെ എല്ലാ പുസ്തകങ്ങളെക്കുറിച്ചും പരാമർശമുണ്ട്. 397 ൽ കൂടിയ കാർത്തേജിലെ മൂന്നാം സമ്മേളനത്തിൽ പഴയ-പുതിയ നിയമങ്ങളിലെ ഗ്രന്ഥങ്ങൾക്കു പുറമേ ചില ആദ്യകാല ക്രൈസ്തവകൃതികളും ദൈവനിവേശിതമായി കണക്കാക്കപ്പെട്ടു.



വി. ജറോമിന്റെ (മിശിഹാവർഷം 405) ലത്തീൻ പരിഭാഷയായ വുൾഗാത്തയിൽ ഇന്നു നമുക്കുള്ള എല്ലാ ഗ്രന്ഥങ്ങളുമുണ്ട്. വി. ആഗസ്തീനോസ് (മിശിഹാവർഷം 430) ഇതംഗീകരിച്ചു എന്നു മാത്രമല്ല, ശ്ലീഹന്മാരാൽ സ്ഥാപിതമായ സഭകളുടെ അംഗീകാരമാണ് ഒരു ഗ്രന്ഥം വിശുദ്ധഗ്രന്ഥ കാനനിൽ ഉൾപ്പെടുത്താനുള്ള മാനദണ്ഡമെന്നു നിർദ്ദേശിക്കുകയും ചെയ്തു.

## 3. അപ്രാമാണിക ഗ്രന്ഥങ്ങൾ

മറഞ്ഞിരിക്കുന്നത്, രഹസ്യമായിരിക്കുന്നത് എന്നൊക്കെ അർത്ഥമുള്ള അപ്പൊക്രിഫ (Apocrypha) എന്ന പദമാണ് അപ്രാമാണിക ഗ്രന്ഥങ്ങളെ സൂചപ്പിക്കാൻ ഉപയോഗിക്കുന്നത്. ദൈവനിവേശിതങ്ങളായി അംഗീകരിക്കപ്പെട്ട ഗ്രന്ഥങ്ങളുടെ അനുകരണങ്ങളായി രചിക്കപ്പെടുകയും ആധികാരികത അവകാശപ്പെടുകയും ചെയ്തവയാണ് അപ്രാമാണിക ഗ്രന്ഥങ്ങൾ. (പ്രൊട്ടസ്റ്റന്റുകാർ അപ്പൊക്രിഫ എന്നു വിളിക്കുന്നത്, കത്തോലിക്കരുടെ ഉത്തര കാനോനിക ഗ്രന്ഥങ്ങളെയാണ്. നമ്മുടെ അപ്രാമാണിക ഗ്രന്ഥങ്ങൾ അഥവാ അപ്പൊക്രിഫ അവർക്ക് pseudepigrapha അനുകരണലിഖിതങ്ങൾ മാത്രമാണ്). വിശുദ്ധഗ്രന്ഥകർത്താക്കളുടെ പേരിലാണ് ഇവ അറിയപ്പെടുന്നതെങ്കിലും അവരുമായി ഇവയ്ക്കു യാതൊരു ബന്ധവുമില്ലാ




ത്തതിനാലും ചിലപ്പോഴെങ്കിലും തെറ്റായ പ്രബോധനങ്ങൾ ഉൾക്കൊള്ളുന്നതിനാലും ഇവ ഒരിക്കലും സഭയുടെ ഔദ്യോഗിക കാനനിൽ പെട്ടിരുന്നില്ല. അവയുടെ രൂപീകരണകാലം തന്നെ അവയുടെ വാദങ്ങൾക്കെതിരെ സാക്ഷ്യം വഹിക്കുന്നു.

## 3.1. പഴയനിയമ അപ്രാമാണിക ഗ്രന്ഥങ്ങൾ


1. ഹെനോക്കിന്റെ ഒന്നും രണ്ടും മൂന്നും പുസ്തകങ്ങൾ, ജൂബിലികളുടെ പുസ്തകം, പന്ത്രണ്ടു പൂർവപിതാക്കന്മാരുടെ ഉടമ്പടികൾ, മക്കബായരുടെ മൂന്നും നാലും പുസ്തകങ്ങൾ, മനാസ്സെയുടെ പ്രാർത്ഥന, എസ്രായുടെ ഒന്ന്, രണ്ട്, മൂന്ന് പുസ്തകങ്ങൾ, ബാറൂക്കിന്റെ ഒന്നും രണ്ടും പുസ്തകങ്ങൾ, മോശയുടെ ആരോഹണം തുടങ്ങിയവ പഴയനിയമ അപ്രാമാണിക ഗ്രന്ഥങ്ങളിൽ ചിലതു മാത്രമാണ്.

## 3.2. പുതിയ നിയമ അപ്രാമാണിക ഗ്രന്ഥങ്ങൾ

സുവിശേഷങ്ങളുടെയും പുതിയനിയമ ലേഖനങ്ങളുടെയും മാതൃകയിൽ രചിക്കപ്പെട്ട്, അവയുടെ കർത്താക്കളുടെ പേരിൽ ആരോപിക്കപ്പെട്ടിരിക്കുന്ന ഗ്രന്ഥങ്ങളും ധാരാളമാണ്. ഉദാഹരണത്തിന്, തോമായുടെ സുവിശേഷം, പത്രോസിന്റെ സുവിശേഷം, യാക്കോബിന്റെ സുവിശേഷം, തോമായുടെ നടപടി, മറിയത്തിന്റെ സ്വർഗാരോപണം തുടങ്ങിയവ.




# അദ്ധ്യായം 4
# ബൈബിളിന്റെ വിഭജനം




വിശുദ്ധ ഗ്രന്ഥത്തിനു രണ്ടു ഭാഗങ്ങളുണ്ട്: പഴയനിയമവും പുതിയ നിയമവും (Old and New Testament). Testament എന്ന ഇംഗ്ലീഷ്പദം ഉടമ്പടി എന്നർത്ഥമുള്ള testamentum എന്ന ലത്തീൻപദത്തിൽനിന്നാണു വരുന്നത്. ഉടമ്പടിയ്ക്കു ഹീബ്രുവിൽ ബെറിത് എന്നും ഗ്രീക്കിൽ ദിയാത്തെക്കെ എന്നും പറയും. ബൈബിളിന്റെ ഇരുഭാഗങ്ങൾ ദൈവം മനുഷ്യവർഗവുമായി ചെയ്ത രണ്ട് ഉടമ്പടികളുടെ ചരിത്രമാണ്; മോശ മദ്ധ്യസ്ഥനായ സീനായ് മലയിലെ പഴയ ഉടമ്പടിയുടെയും ഓർശ്ലമിൽ ഈശോമിശിഹായുടെ രക്തത്തിൽ മുദ്രിതമായ പുതിയ ഉടമ്പടിയുടെയും.


ആദ്യ ഉടമ്പടിയുടെ ഫലമായി ഇസ്രായേൽ ദൈവത്തിന്റെ ജനമായി. അവിടുത്തെ കല്പനകൾ പാലിക്കണം എന്ന വ്യവസ്ഥയിലായിരുന്നു ഇത്. ഈ ജനത്തിന്റെ അനുദിന ജീവിതത്തിൽ ദൈവം രക്ഷാകരമായി ഇടപെടുന്നതാണ് പഴയനിയമത്തിന്റെ ഉള്ളടക്കം. പുതിയ ഉടമ്പടിയുടെ ഫലമാണ് പുതിയ ദൈവജനമായ തിരുസഭ. ഈശോമിശിഹായുടെ ജീവചരിത്രവും അവിടുന്നിൽ വിശ്വസിക്കുന്നവരുടെ ജീവിതവുമാണ് പുതിയനിയമത്തിലെ പ്രതിപാദ്യം.

വിശുദ്ധഗ്രന്ഥത്തിലെ രണ്ടു ഭാഗങ്ങളെയും ബന്ധിപ്പിക്കുന്ന വ്യക്തി ഈശോ മിശിഹായാണ്. പിതാവായ ദൈവത്തിന്റെ രക്ഷാപദ്ധതി ലക്ഷ്യം പ്രാപിക്കുന്നത് അവിടുന്നിലാണ്. പഴയനിയമം മിശിഹായെക്കുറിച്ചുള്ള വാഗ്ദാനങ്ങളും പ്രതീക്ഷകളും ഉൾക്കൊള്ളുമ്പോൾ, പുതിയത് മിശിഹായുടെ മനുഷ്യാവതാരവും രക്ഷാപ്രവർത്തനങ്ങളും ദൈവരാജ്യപ്രഘോഷണവും സഹന-മരണോത്ഥാനങ്ങളും വിവരിക്കുന്നു. ഈശോമിശിഹായാണ് വിശുദ്ധഗ്രന്ഥം മുഴുവനെയും കൂട്ടിയോജിപ്പിക്കുന്ന കണ്ണി. അതുകൊണ്ട്, ബൈബിൾ മുഴുവനും മിശിഹാ കേന്ദ്രീകൃതമായി വേണം വായിക്കാൻ.

## 1. ഉപവിഭാഗങ്ങൾ

### 1.1. ഹീബ്രു (യഹൂദ) വിഭജനം

തോറാ അഥവാ നിയമഗ്രന്ഥങ്ങൾ, നെബിയിം അഥവാ പ്രവാചകഗ്രന്ഥങ്ങൾ, കെത്തുബിം അഥവാ ലിഖിതങ്ങൾ എന്നിങ്ങനെ മൂന്നായി യഹൂദർ പഴയനിയമത്തെ വിഭജിക്കുന്നു. ഉല്പത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം എന്നീ പഞ്ചഗ്രന്ഥങ്ങളാണ് തോറായിലുള്ളത്. പ്രവാചകഗ്രന്ഥങ്ങളെ യഹൂദർ ആദ്യകാല പ്രവാചകർഎന്നും (ജോഷ്വാ, ന്യായാ, 1,2 സാമു, 1,2 രാജാ) പില്ക്കാല പ്രവാചകർ എന്നും (ഏശ, ജറെ, എസ, 12 ചെറിയ പ്രവാചകന്മാർ) രണ്ടായി തിരിക്കാറുണ്ട്. പഴയനിയമത്തിലെ ബാക്കിയുള്ള 13 ഗ്രന്ഥങ്ങളാണ് (സങ്കീ, ജോബ്, സുഭാ, റൂത്ത്, ഉത്തമഗീതം, സഭാപ്രസംഗകൻ, വിലാപങ്ങൾ, എസ്തേർ, ദാനി, എസ്രാ, നെഹ, 1,2 ദിന) ലിഖിതങ്ങൾ എന്നറിയപ്പെടുന്നത്. ആകെ 39 പുസ്തകങ്ങൾ.




പലസ്തീനിയൻ കാനൻ അനുസരിച്ച് യഹൂദർക്ക് പഴയനിയമത്തിൽ 24 പുസ്തകങ്ങളേ ഉള്ളൂ എന്നു നമ്മൾ കണ്ടുവല്ലോ. അവർ ഒരേ പേരിലുള്ള പുസ്തകങ്ങൾ (സാമു, രാജാ, ദിന) ഒന്നായും, എസ്ര-നെഹ ഒന്നിച്ചൊരു പുസ്തകമായും, 12 ചെറിയ പ്രവാചകന്മാരെ ഒന്നിച്ചും എണ്ണുന്നതുകൊണ്ടാണിത്.

### 1.2. കത്തോലിക്കാ വിഭജനം

കത്തോലിക്കർ വിശുദ്ധ ഗ്രന്ഥത്തെ (പഴയനിമയത്തെയും പുതിയ നിയമത്തെയും) ചരിത്രപരം (historical), പ്രബോധനപരം (didactic), പ്രവാചകപരം (prophetical) എന്നാണു വിഭജിക്കാറ്. ഈ വിഭജനരീതി പതിമൂന്നാം നൂറ്റാണ്ടിലാണ് നിലവിൽവന്നത്.

## 1.2.1. പഴയനിയമവിഭജനം




പഞ്ചഗ്രന്ഥങ്ങൾ, പൂർവപ്രവാചകഗ്രന്ഥങ്ങൾ, ദിനവൃത്താന്തങ്ങൾ തുടങ്ങി മക്കബായർ വരെയുള്ള പുസ്തകങ്ങൾ എന്നിവ ചരിത്രപരത്തിൽപ്പെടുന്നു.

സങ്കീർത്തനങ്ങൾ തുടങ്ങി  പ്രഭാഷകൻ വരെയുള്ള പുസ്തകങ്ങൾ പ്രബോധനപരത്തിലും ഉത്തര കാനോനിക ഗ്രന്ഥങ്ങൾ പ്രവാചകഗണത്തിലും പെടുന്നു. പ്രവാചക ഗണത്തിൽപ്പെട്ടവയെ വലിയ പ്രവാചകഗ്രന്ഥങ്ങൾ (ഏശ, ജറെ, എസ, ദാനി), ചെറിയ പ്രവാചകഗ്രന്ഥങ്ങൾ (ബാക്കി 12 പ്രവാചകർ) എന്നു രണ്ടായി തിരിക്കുന്നു.

പ്രബോധനഗണത്തിലെ ജോബ്, സുഭാ, പ്രഭാ, ജ്ഞാനം, സഭാപ്രസംഗകൻ എന്നീ അഞ്ചു പുസ്തകങ്ങളാണ് പ്രബോധനഗണത്തിൽപ്പെടുന്നവ. ഇവയെ വിജ്ഞാനഗ്രന്ഥങ്ങൾ (wisdom books) എന്നും വിളിക്കാറുണ്ട്.

## 1.2.2. പുതിയനിയമം

നാലു സുവിശേഷങ്ങളും ശ്ലീഹന്മാരുടെ നടപടിയും ചരിത്രപരമായും ലേഖനങ്ങളെല്ലാം പ്രബോധനപരമായും വെളിപാടിന്റെ പുസ്തകം പ്രവചനപരമായും കണക്കാക്കപ്പെടുന്നു.

## അദ്ധ്യായ-വാക്യവിഭജനം

എ.ഡി. പത്താം നൂറ്റാണ്ടിൽ ബെൻ അഷേർ ആണ് പഴയനിയമ ഗ്രന്ഥങ്ങളെ അദ്ധ്യായങ്ങളായി തിരിക്കാൻ ആരംഭിച്ചത്. 1524 ൽ ഈ വിഭജനം റബ്ബി നാത്താൻ പൂർത്തിയാക്കി. പുതിയനിയമ ഗ്രന്ഥങ്ങളെ അദ്ധ്യായങ്ങളായി തിരിച്ചത് സ്റ്റീഫൻ ലാഗ്ടൺ (എ.ഡി. 1216) ആണ്. ഇന്നത്തെ രീതിയിലുള്ള വാക്യവിഭജനം 1550 ൽ റോബർട്ട് സ്റ്റീഫൻ പൂർത്തീകരിച്ചു. ബൈബിളിൽ ആകെ 1189 അദ്ധ്യായങ്ങളും 31173 വാക്യങ്ങളുമാണുള്ളത്.



# അദ്ധ്യായം 5

## മൂലഗ്രന്ഥകയ്യെഴുത്തുപ്രതികളും പതിപ്പുകളും

ഇന്നുള്ളതുപോലെ കടലാസോ അച്ചടിയന്ത്രമോ ഇല്ലാതിരുന്ന കാലത്ത്, ഗ്രന്ഥങ്ങൾ കൈയെഴുത്തു പ്രതികളായാണ് സൂക്ഷിച്ചിരുന്നതും കൈമാറിയിരുന്നതും. ഇപ്രകാരം എഴുതാനുള്ള കടലാസ് നിർമ്മിച്ചിരുന്നത് ഈജിപ്തിലെ നൈൽനദീതീരങ്ങളിൽ വളർന്നിരുന്ന പപ്പീറസ് എന്നറിയപ്പെട്ടിരുന്ന ഒരുതരം ഞാങ്ങണച്ചെടിയിൽനിന്നാണ്. നമ്മുടെ നാട്ടിലെ മുള പോലുള്ള പപ്പീറസ്തണ്ട് ചെറിയ പാളികളായി കീറി, അവ നെടുകെയും കുറുകെയും പാകി, ബലം പ്രയോഗിച്ചു യോജിപ്പിച്ച്, മിനുക്കി, ഉണക്കിയെടുത്താണ് എഴുതാൻ ഉപയോഗിച്ചിരുന്നത്. നമ്മുടെ നാട്ടിൽ താളി(കരിമ്പന)യോലയിൽ എഴുതുന്ന രീതി ഉണ്ടായിരുന്നല്ലോ. പേപ്പർ എന്ന പദം തന്നെ പപ്പീറസിൽനിന്നാണു വരുന്നത്. പേപ്പറിന്റെ മുഖ്യവിപണി ഫിനീഷ്യായിലെ (ലെബനോൺ) ബിബ്ലോസ് എന്ന തുറമുഖപട്ടണമായിരുന്നു. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ബിബ്ലോസ് എന്ന പദം കടലാസിനും പുസ്തകത്തിനും ഉപയോഗിച്ചു തുടങ്ങിയത്. ശരിയായ പരിശീലനം സിദ്ധിച്ചവരെ മാത്രമാണ് എഴുത്തുകാർ (scribes) ആയി അംഗീകരിച്ചിരുന്നത്. ഈ പരിശീലനവും സൂക്ഷ്മപഠനവുംമൂലം ഇക്കൂട്ടർ വിശുദ്ധഗ്രന്ഥവ്യാഖ്യാതാക്കളായിപ്പോലും കരുതപ്പെട്ടിരുന്നു.




ആടുമാടുകളുടെ തുകലും പൗരാണികകാലത്ത് എഴുതാൻ ഉപയോഗിച്ചിരുന്നു. തുകൽ കടലാസ് പാർച്ച്മെന്റ് (parchment) എന്നും അറിയപ്പെടുന്നുണ്ട്. ആട്ടിൻകുട്ടികളുടെയും കാളക്കിടാങ്ങളുടെയും തുകൽകൊണ്ടുള്ള മേല്ത്തരം പാർച്ച്മെന്റിന് വെല്ലം (vellum) എന്നും പേരുണ്ട്.

പപ്പീറസിന്റെയും പാർച്ച്മെന്റിന്റെയും പല കഷണങ്ങൾ കൂട്ടിച്ചേർത്ത് വലിയ കടലാസ് നിർമ്മിച്ചാണ് വിശുദ്ധഗ്രന്ഥങ്ങൾ എഴുതിയിരുന്നത്. പപ്പീറസ് ചെടിയുടെ തന്നെ തണ്ടിന്റെ അറ്റം മൂർച്ചപ്പെടുത്തിയുണ്ടാക്കിയ തൂലികയാണ് എഴുതാൻ ഉപയോഗിച്ചിരുന്നത്. ഒരുതരം പശ കരിയോടു ചേർത്ത് എഴുതാനുള്ള മഷി നിർമ്മിച്ചിരുന്നു. അച്ചടി നടപ്പാകുന്നതുവരെ തിരുലിഖിതങ്ങൾ കൈയെഴുത്തുപ്രതികളായാണ് ഭാവിതലമുറകളിലേക്കു കൈമാറപ്പെട്ടിരുന്നത്. ദണ്ഡിന്മേൽ ചുറ്റി ചുരുളുകൾ (scrolls) ആക്കി വലിയ പെട്ടകളിലോ ഭരണികളിലോ അവ സൂക്ഷിച്ചിരുന്നു. 1947 മുതൽ ഖുമ്റാൻ ഗുഹകളിൽനിന്ന് ലഭിച്ച ബി.സി. 3–2 നൂറ്റാണ്ടുകളിലെ ചുരുളുകൾ ഉൾക്കൊള്ളുന്ന ഭരണികൾ ഇതിനു തെളിവാണ്. സാധാരണ കാലാവസ്ഥയിൽ പപ്പീറസും പാർച്ച്മെന്റും ദ്രവിച്ചുപോകുന്നവയായതുകൊണ്ട്, വിശുദ്ധഗ്രന്ഥത്തിന്റെ ആദ്യ

കൈയെഴുത്തു പ്രതികളൊന്നുംതന്നെ ഇന്നു ലഭ്യമല്ല. അവയുടെ പകർപ്പുകളും പകർപ്പുകളുടെ പകർപ്പുകളും മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. ഈജിപ്തിൽനിന്നു കണ്ടെടുത്ത, ബി.സി. 150 ലെ, നാഷ് പപ്പീറസ് (Nash Payrus) ആണ് നമുക്കു ലഭിച്ചിട്ടുള്ള ഏറ്റവും പഴക്കമുള്ള വിശുദ്ധഗ്രന്ഥ കയ്യെഴുത്തുപ്രതി.

## വിശുദ്ധഗ്രന്ഥ ഭാഷകൾ



പഴയനിയമത്തിന്റെ മുഖ്യഭാഷ ഹീബ്രു ആണ്. ബാബിലോണിയൻ വിപ്രവാസത്തിനുശേഷം, ഹീബ്രുവിനോട് അടുത്ത ബന്ധമുള്ള അറമായ ഭാഷ യഹൂദർക്കിടയിൽ പ്രചാരത്തിലായി. എസ്രായുടെയും ദാനിയേലിന്റെയും പുസ്തകങ്ങളിലെ ചില ഭാഗങ്ങൾ അറമായ ഭാഷയിലാണ് എഴുതപ്പെട്ടിരിക്കുന്നത്.

പുതിയനിയമഗ്രന്ഥങ്ങളെല്ലാം ഗ്രീക്കുഭാഷയിലാണ് എഴുതപ്പെട്ടത്. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പപ്പിയാസ് എന്ന സഭാപിതാവിന്റെ അഭിപ്രായത്തിൽ മത്തായിശ്ലീഹാ അറമായ ഭാഷയിൽ ഒരു സുവിശേഷം എഴുതിയിരുന്നു; പക്ഷേ, അതിന്റെ തെളിവുകളൊന്നും അവശേഷിച്ചിട്ടില്ല.



## വിശുദ്ധഗ്രന്ഥ വിവർത്തനങ്ങൾ/പരിഭാഷകൾ

### താർഗും

അറമായ ഭാഷ യഹൂദരുടെ പൊതുഭാഷയായതോടെ ഹീബ്രുവിൽനിന്ന് വിശുദ്ധഗ്രന്ഥം അറമായയിലേക്കു പരിഭാഷപ്പെടുത്തേണ്ടത് ആവശ്യമായി വന്നു. പഴയനിയമത്തിന്റെ അറമായ പരിഭാഷയാണ് താർഗും (targum).

### സപ്തതി (Septuagint)

ബി.സി. മൂന്നാം നൂറ്റാണ്ടോടെ ഗ്രീക്കുഭാഷ ഈജിപ്തിലും സമീപ പ്രദേശങ്ങളിലും പ്രചാരത്തിലായി. ഈജിപ്തിൽ വസിച്ചിരുന്ന യഹൂദർക്കായി തിരുലിഖിതം ഹീബ്രുവിൽനിന്ന് ഗ്രീക്കിലേക്കു തർജ്ജമ ചെയ്തതാണ് സപ്തതി അഥവാ സെപ്ത്വജിന്റ്. ഈജിപ്തിലെ രാജാവായിരുന്ന ടോളമി രണ്ടാമന്റെ കാലത്താണ് അലക്സാൺഡ്രിയാ കേന്ദ്രമാക്കി ഈ പരിഭാഷയുണ്ടായത്. എഴുപതു പേർ ചേർന്നു തർജ്ജമ ചെയ്തു എന്നു പാരമ്പര്യത്തിൽനിന്നാണ് എഴുപത് എന്നർത്ഥമുള്ള സപ്തതി എന്ന പേരുണ്ടായത് (LXX-).



## മറ്റു ഗ്രീക്കു പരിഭാഷകൾ


ബി.സി. രണ്ടാം നൂറ്റാണ്ടിലുണ്ടായ പഴയനിയമത്തിന്റെ മൂന്നു ഗ്രീക്കു പരിഭാഷകളാണ് അകില (Aquila), തെയോഡിഷ്യൻ (Theoditian), സിമ്മാക്കൂസ് (Symmachus) എന്നിവ. ഇവയിൽ മൂന്നാമത്തേതാണ് വി. ജെറോം തന്റെ ലത്തീൻ പരിഭാഷയ്ക്ക് സഹായമായി ഉപയോഗിച്ചത്.

### ഹെക്സപ്ല (Hexapla)

മഹാനായ അലക്സാൺഡ്രിയൻ ദൈവശാസ്ത്രജ്ഞൻ ഒരിജൻ (എ.ഡി. മൂന്നാം നൂറ്റാണ്ട്) അന്നു ലഭ്യമായിരുന്ന ബൈബിൾ പരിഭാഷകളെല്ലാംകൂടി ആറു സമാന്തര കോളങ്ങളിലാക്കി ക്രമീകരിച്ചതാണ് ഹെക്സപ്ല എന്നറിയപ്പെടുന്നത്. ഹീബ്രു, ഹീബ്രു ഗ്രീക്കിലേക്കു പകർത്തിയത് (പരിഭാഷയല്ല), അകില, സിമ്മാക്കൂസ്, തെയോഡിഷ്യൻ, സപ്തതി എന്ന ക്രമത്തിലാണ് ഒരിജൻ ഇതു തയ്യാറാക്കിയത്.


### ദിയാത്തെസറോൺ (diatessaron)

നാലു സുവിശേഷങ്ങളിൽനിന്നുമായി പ്രസക്തമെന്നു തോന്നിയ ഭാഗങ്ങൾ മാത്രം കൂട്ടിച്ചേർത്ത് എ.ഡി. രണ്ടാം നൂറ്റാണ്ടിൽ താസിയാൻ തയ്യാറാക്കിയ സുവിശേഷ സംഗ്രഹമാണ് ദിയാത്തോസറോൺ. നാലിൽനിന്ന് എന്നാണ് ഈ പദത്തിന്റെ അർത്ഥം. അഞ്ചാം നൂറ്റാണ്ടുവരെ സുറിയാനി സഭകളിൽ ഇത് ഉപയോഗത്തിലിരുന്നു. നാലാം നൂറ്റാണ്ടിൽ അപ്രേം പിതാവ് രചിച്ച ഇതിന്റെ വ്യാഖ്യാനത്തിൽനിന്നു മാത്രമേ ഇന്ന് ഇതിനെക്കുറിച്ചു നമുക്ക് അറിയാനാവൂ.




### പ്ശീത്ത

സുറിയാനി ഭാഷയിലുള്ള ആദ്യ വിശുദ്ധഗ്രന്ഥ പരിഭാഷയാണ് പ്ശീത്ത. ലളിതം, സാധാരണം എന്നൊക്കെയാണ് ഈ പദത്തിനർത്ഥം. പുതിയനിയമം സുറിയാനിയിലേക്കു പരിഭാഷപ്പെടുത്തിയത് പൗരസ്ത്യസുറിയാനി സഭയിൽ എദേസ്സായിലെ മെത്രാനായിരുന്ന റാബുളായാണ്. അപ്രേംപിതാവും അഫ്രഹാത്തും ഇതിൽനിന്നു ധാരാളമായി ഉദ്ധരിക്കുന്നുണ്ട്.




www.malankaralibrary.com


## വുൾഗാത്ത (Vulgate)



രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ആഫ്രിക്കയിൽ ലത്തീൻഭാഷയിലുള്ള ഒരു ബൈബിൾ ഉണ്ടായിരുന്നു (Old Latin). വി. ജെറോം 25 വർഷത്തോളം ഓർശ്ലേമിൽ താമസിച്ച് പുതിയൊരു ലത്തീൻ വിവർത്തനത്തിനു രൂപം നല്കി. അതിന്റെ പേരാണ് വുൾഗാത്ത (Vulgate). ലത്തീൻ സഭയിലെ ആരാധനക്രമത്തിൽ വായിക്കുന്നത് വുൾഗാത്തിൽനിന്നാണ്.

## ആധുനിക വിവർത്തനങ്ങൾ


ആദ്യമായി ബൈബിൾ ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയത് 1382 ൽ ജോൺ വൈക്ലിഫാണ് (John Wycliffe). ഇതെത്തുടർന്ന് ടിൻഡെയിൽ (Tyndale 1525), ഡ്യൂവേ (Douay 1609), കിംഗ് ജെയിംസ് (King James Version 1611), റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷൻ (Revised Standard Version 1946), ന്യൂ ഇംഗ്ലീഷ് ബൈബിൾ (New English Version 1961), ജറുസലേം ബൈബിൾ (Jerusalem Bible 1966), ന്യൂ അമേരിക്കൻ ബൈബിൾ (New American Bible NAB 1970), ന്യൂ ഇന്റർനാഷണൽ വേർഷൻ (New International Version NIV 1978), റിവൈസ്ഡ് ഇംഗ്ലീഷ് ബൈബിൾ (Revised English Bible REB 1989), ന്യൂ റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷൻ (New Revised Standard Version 1989) തുടങ്ങി പല വിവർത്തനങ്ങളും പുറത്തിറങ്ങി.




മലയാളത്തിലേക്ക് ആദ്യമായി ബൈബിൾ പരിഭാഷപ്പെടുത്തിയത് പ്രൊട്ടസ്റ്റന്റു മിഷനറിമാരാണ്. 1811 ൽ ബർത്തലോമിയസ് സീഗൻബാൽഗ് (Barthalomius Ziegenbalg) എന്ന ലൂതറൻ മിഷനറിയാണ് സത്യവേദപുസ്തകം പ്രസിദ്ധീകരിച്ചത്. കേരള കത്തോലിക്കർക്കിടയിൽ അരനൂറ്റാണ്ടോളം പ്രചാരത്തിലിരുന്നത് മാണിക്കത്തനാർ പ്ശീത്തായിൽനിന്നു 1935 ൽ പരിഭാഷപ്പെടുത്തിയ പഞ്ചഗ്രന്ഥങ്ങളും പുതിയ നിയമവുമായിരുന്നു. മോൺ. തോമസ് മൂത്തേടൻ 1963 ൽ വുൾഗാത്തയിൽനിന്നു മലയാളത്തിലേക്കു വിവർത്തനം ചെയ്തു. 1981 ൽ പി.ഒ. സി.യിൽനിന്നു പ്രസിദ്ധീകരിച്ച സമ്പൂർണ ബൈബിളാണ് ഇന്നു കേരളത്തിൽ കൂടുതൽ പ്രചാരത്തിലിരിക്കുന്നത്. പ്ശീത്തയിൽനിന്നു 1987 ൽ തോമസ് കയ്യാലപ്പറമ്പിലച്ചൻ പുതിയനിയമവും 1997 ൽ മാത്യു ഉപ്പാണിയച്ചൻ സമ്പൂർണ ബൈബിളും പരിഭാഷപ്പെടുത്തി.

www.malankaralibrary.com

## പുതിയനിയമ ഗ്രന്ഥങ്ങൾ - ഒരാമുഖം



പിതാവായ ദൈവത്തിനു മനുഷ്യരായ നമ്മെക്കുറിച്ചുള്ള പദ്ധതി മുഴുവന്റെയും കേന്ദ്രം മനുഷ്യനായവതരിച്ച രക്ഷകനായ ഈശോമിശിഹായാണ്. ഈ രക്ഷാകര പദ്ധതിയുടെ വിവരണമായ വിശുദ്ധഗ്രന്ഥത്തിന്റെ കേന്ദ്രവും ഈശോമിശിഹാ തന്നെ. പൂർവ കാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും നമ്മുടെ പിതാക്കന്മാരോടു സംസാരിച്ച ദൈവം ഈ അവസാന നാളുകളിൽ തന്റെ പുത്രനിലൂടെ നമ്മോടു സംസാരിച്ചിരിക്കുന്നു (ഹെബ്രാ 1,1-2). ഈശോയുടെ മനുഷ്യാവതാരം, ജീവിതം, സഹന-മരണോത്ഥാനങ്ങൾ എന്നിവയിലൂടെ പിതാവായ ദൈവം നമ്മോടു സംവദിക്കുകയായിരുന്നു. നസ്രായൻ ഈശോയിൽ നമ്മൾ ദർശിച്ചത് ദൈവത്തിന്റെ മുഖമാണ്. അവിടുത്തെ വാക്കുകളിൽ മുഴങ്ങിയത് പിതാവിന്റെ സ്വരവും. ഈശോ തന്റെ പ്രവൃത്തികളിലൂടെ പ്രകടമാക്കിയത് പിതാവിന്റെ കാരുണ്യമാണ്. പിതാവിനു മനുഷ്യവർഗത്തോടുള്ള സ്നേഹത്തിന്റെ ആഴവും പരപ്പും ഏറ്റവും വ്യക്തമായി പ്രകടമായത് കുരിശിലെ ഈശോയുടെ ബലിയിലാണ്.

ഉത്ഥിതനായ മിശിഹായാണ് പഴയനിയമത്തെ മിശിഹാ കേന്ദ്രീകൃതമായി വ്യാഖ്യനിക്കാൻ പഠിപ്പിച്ചത്. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർക്ക് അവിടുന്നു മോശ തുടങ്ങി എല്ലാ പ്രവാചകന്മാരും തന്നെപ്പറ്റി വിശുദ്ധഗ്രന്ഥങ്ങളിൽ എഴുതിയിരുന്നവ വ്യാഖ്യാനിച്ചുകൊടുത്തു (ലൂക്കാ 24,27). തുടർന്ന്, ജറൂസലേമിൽ സമ്മേളിച്ചിരുന്ന ശിഷ്യന്മാർക്കെല്ലാവർക്കുമായി പ്രത്യക്ഷപ്പെട്ടപ്പോൾ അവിടുന്ന് അരുളിച്ചെയ്തു: മോശയുടെ നിയമത്തിലും പ്രവാചകന്മാരിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നവയെല്ലാം നിറവേറേണ്ടിയിരിക്കുന്നു... (ലൂക്കാ 24,44). വിശുദ്ധ ലിഖിതങ്ങൾ ഗ്രഹിക്കുവാൻ തക്കവിധം അവിടുന്ന് അവരുടെ മനസ്സിനെ കഴിവുള്ളതാക്കി (ലൂക്കാ 24,45). നിയമവും പ്രവാചകന്മാരും എന്ന പ്രയോഗം പഴയനിയമം മുഴുവനെയും ഉദ്ദേശിച്ചുള്ളതാണ് (മത്താ 5,17). പഴയനിയമം മിശിഹായെക്കു



റിച്ചുള്ള മുൻകൂർ അറിയിപ്പാണ് എന്ന് ഉയിർത്തെണിറ്റ ഈശോ പഠിപ്പിച്ചതിന്റെ വെളിച്ചത്തിൽ പരിശുദ്ധ റൂഹായാൽ പൂരിതരായ ശ്ലീഹന്മാർ ആ ഗ്രന്ഥങ്ങളെ മിശിഹാ കേന്ദ്രീകൃതമായി വ്യാഖ്യാനിച്ചു തുടങ്ങി. യഥാർത്ഥത്തിൽ, ഉത്ഥിതനായ മിശിഹാ തുടങ്ങിവച്ച ശൈലി

www.malankaralibrary.com

ശ്ലീഹന്മാർ തുടരുക മാത്രമായിരുന്നു. പഴയനിയമ ഗ്രന്ഥങ്ങളുടെ മുഖ്യ പ്രചോദകനായ പരിശുദ്ധ റൂഹാ തന്നെയാണല്ലോ ശ്ലീഹന്മാരിൽ പ്രവർത്തിച്ചതും. അതുകൊണ്ട് റൂഹാ പഴയനിയമത്തിൽ ഉദ്ദേശിച്ചത് മിശിഹാസംഭവത്തിനുശേഷം വെളിച്ചത്തുകൊണ്ടുവരാൻ ശ്ലീഹന്മാർക്ക് എളുപ്പമായിരുന്നു. ശ്ലീഹന്മാരുടെ പ്രഘോഷണങ്ങളിലെല്ലാം പഴയനിയമത്തിൽനിന്നുള്ള ഉദ്ധരണികൾ ധാരാളമായി കാണുന്നത് അതുകൊണ്ടാണ്. പന്തക്കുസ്താ ദിനത്തിൽ വി. പത്രോസ്ശ്ലീഹാ ചെയ്ത പ്രസംഗം തന്നെ ഏറ്റവും വ്യക്തമായ തെളിവ് (അപ്പ.2). ഈശോയുടെ ജീവിതത്തിലെ ഓരോ സംഭവവും പഴയനിയമത്തിൽ ആരുടെയെങ്കിലും ജീവിതത്തിൽ സംഭവിച്ചതോ ഏതെങ്കിലും പ്രവാചകന്മാർ മുൻകൂട്ടി അറിയിച്ചതോ ആണ്. പ്രവാചകൻ മുൻകൂട്ടി അറിയിച്ചതു നിറവേറാനായി ഇപ്രകാരം സംഭവിച്ചു എന്നു സുവിശേഷകന്മാർ ആവർത്തിച്ചു രേഖപ്പെടുത്തുന്നുണ്ടല്ലോ (മത്താ 1,22; 2,5.15.17.23)

## സുവിശേഷ രൂപീകരണം

ഇന്നു നമ്മുടെ കയ്യിലിരിക്കുന്ന സുവിശേഷഗ്രന്ഥങ്ങൾക്കു പിന്നിൽ നീണ്ട ഒരു ചരിത്രമുണ്ട്. ഈ രൂപീകരണപ്രക്രിയയിൽ നാലു വ്യക്തമായ ഘട്ടങ്ങൾ ദർശിക്കാനാവും.

### 1. മനുഷ്യനായവതരിച്ച ഈശോയുടെ ജീവിതകാലം



പുതിയനിയമം ആരംഭിക്കുന്നത് നസ്രായനായ ഈശോയുടെ ജനനം വിവരിച്ചുകൊണ്ടാണ്. ജോർദ്ദാൻനദിയിൽവച്ചു യോഹന്നാൻ മാംദാനയിൽനിന്നു മാമ്മോദീസാ സ്വീകരിക്കുന്ന അവസരത്തിലാണ് ഈശോയുടെ ദൈവപുത്രത്വം പരസ്യമായി ലോകത്തിനു വെളിപ്പെടുത്തപ്പെട്ടത്. അവിടുന്നു പ്രഘോഷിച്ച ദൈവരാജ്യസുവിശേഷത്തിന്റെ ലാളിത്യവും, പഠിപ്പിക്കുന്നതിലും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിലും അവിടുന്നു പ്രദർശിപ്പിച്ച ആധികാരികതയും, മനുഷ്യരോട് ഇടപെടുന്നതിൽ കാണിച്ച സഹാനുഭൂതിയും അവിടുന്നിൽ വിശ്വസിക്കാനും അവിടുത്തെ അനുകരിക്കാനും അനേകരെ പ്രേരിപ്പിച്ചു. തന്നെ അനുഗമിച്ച വലിയ ജനാവലിയിൽനിന്ന് ഈശോ പന്ത്രണ്ടു പേരെ തിരഞ്ഞെടുത്ത് ശ്ലീഹന്മാർ (അപ്പസ്തോലന്മാർ - അയയ്ക്കപ്പെട്ടവർ എന്നർത്ഥം) എന്നു പേരിട്ടു. പരസ്യജീവിതകാലം മുഴുവൻ അവിടുത്തോടു കൂടെ ഉണ്ടായിരുന്ന ദൃക്സാക്ഷികളായ അവരാണ് പിന്നീട് അവിടുത്തെ സാക്ഷികളും ശുശ്രൂഷകരുമാകേണ്ടിയിരുന്നത്.



## 2. മിശിഹായെപ്പറ്റിയുള്ള ശ്ലൈഹിക പ്രഘോഷണം (പന്തക്കുസ്താ മുതൽ)



താനാരംഭിച്ച ദൗത്യം ലോകാവസാനം വരെയും ലോകത്തിന്റെ അതിർത്തികൾ വരെയും തുടർന്നുകൊണ്ടു പോകുന്നതിനായി, ഉത്ഥിതനായ മിശിഹാ ശ്ലീഹന്മാരെ തന്റെ സാക്ഷികളായി നിയമിച്ചു. പന്തക്കുസ്താദിനത്തിൽ പരിശുദ്ധ റൂഹായാൽ ശക്തരാക്കപ്പെട്ട അവർ മരിച്ചവരിൽനിന്നുയിർത്ത ഈശോയാണ് ലോകരക്ഷകനായ മിശിഹായെന്നു ധൈര്യപൂർവം പ്രസംഗിക്കാനാരംഭിച്ചു. രക്ഷ പ്രാപിക്കാനുള്ള ഏക മാർഗം സഹിച്ചു മരിച്ചുയിർത്ത ഈശോമിശിഹായിൽ വിശ്വസിക്കുക മാത്രമാണ് എന്നു ശ്ലീഹന്മാർ പ്രഘോഷിച്ചു. ശ്രോതാക്കളുടെ പശ്ചാത്തലമനുസരിച്ച് അവർ സുവിശേഷം വ്യാഖ്യാനിച്ചുനല്കുകയും ചെയ്തു. അവരെ ശ്രവിച്ച നിരവധി യഹൂദർ ഈശോയിൽ വിശ്വസിക്കുകയും അതിന്റെ അടയാളമായി അവിടുത്തെ നാമത്തിൽ മാമ്മോദീസാ മുങ്ങുകയും ചെയ്തു. ഇപ്രകാരം ആദിമസഭയ്ക്കു രൂപം ലഭിച്ചു.

ഇപ്രകാരം രൂപം പ്രാപിച്ച സഭാസമൂഹങ്ങൾ ശ്ലീഹന്മാരുടെ നേതൃത്വത്തിൽ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുകയും അപ്പം മുറിക്കുകയും ചെയ്തു. ഈ അപ്പംമുറിക്കലാണ് ക്രമേണ പരിശുദ്ധ കുർബാനയായി രൂപാന്തരപ്പെട്ടത്. ഇപ്രകാരമുള്ള സമ്മേളനങ്ങളിലാണ് ശ്ലീഹന്മാർ ഈശോയെക്കുറിച്ചുള്ള തങ്ങളുടെ പ്രഘോഷണം തുടർന്നു നല്കിയിരുന്നത്. ശ്ലീഹന്മാർ നല്കിയ ഈ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ വിശ്വാസി സമൂഹങ്ങൾ പരസ്പരം സഹായിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന കൂട്ടായ്മകളായി മാറി.

## 3. വിവിധ സഭകൾക്കുള്ള ലേഖനങ്ങൾ (എ.ഡി. 50 നുശേഷം)

വിശ്വാസികളുടെ എണ്ണം വർദ്ധിച്ചപ്പോൾ സംശയങ്ങളും പ്രശ്നങ്ങളും ചോദ്യങ്ങളും വർദ്ധിച്ചു. തങ്ങളോടു സുവിശേഷം പ്രഘോഷിച്ച ശ്ലീഹായോടു തന്നെ ചോദിക്കുക എന്നതു



സ്വാഭാവികം മാത്രം. ഇപ്രകാരമുള്ള ചോദ്യങ്ങൾക്കും പ്രശ്നങ്ങൾക്കും സംശയങ്ങൾക്കും ശ്ലീഹന്മാർ ലിഖിത രൂപത്തിൽ നല്കിയ മറുപടികളാണ് പുതിയനിയമ ലേഖനങ്ങൾ. കൊറീന്തോസിലെ സഭയ്ക്കെഴുതിയ ഒന്നാം ലേഖനത്തിൽ പൗലോസ്ശ്ലീഹാ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്:



ഇനി നിങ്ങൾ എഴുതി ചോദിച്ച കാര്യത്തെപ്പറ്റി പ്രതിപാദിക്കാം (1 കോറി 7,1). പൗലോസ്ശ്ലീഹാ തെസലോനിക്കായിലെ സഭയ്ക്കെഴുതിയ ലേഖനമാണ് ആദ്യമെഴുതപ്പെട്ട പുതിയ നിയമ ഗ്രന്ഥം. തന്റെ രണ്ടാം പ്രേഷിതയാത്രയ്ക്കിടയിലാണ് (എ.ഡി. 50-52) പൗലോസ്ശ്ലീഹാ ഇതെഴുതിയത്. തുടർന്ന്, ഗലാ, ഫിലി, ഫിലെ, 1,2 കോറി, റോമാ എന്നീ ലേഖനങ്ങൾ എഴുതപ്പെട്ടു. ഇവ പൗലോസിന്റെ ആദ്യകാല ലേഖനങ്ങൾ എന്നാണറിയപ്പെടുന്നത്. 2 തെസ, കൊളോ, എഫേ, തീത്തൂസ്, 1,2 തിമോ എന്നീ ലേഖനങ്ങൾ പൗലോസ്ശ്ലീഹായുടെ പേരിൽ അറിയപ്പെടുന്നെങ്കിലും അദ്ദേഹംതന്നെ നേരിട്ട് എഴുതിയതാവണമെന്നു നിർബന്ധമില്ല. കാരണം, അവ ലിഖിതരൂപം പ്രാപിച്ചത് പൗലോസിന്റെ രക്തസാക്ഷിത്വത്തിനുശേഷമാണ്. ഹെബ്രായലേഖനം ആരെഴുതിയതാണ് എന്നതിനെക്കുറിച്ചു തറപ്പിച്ചു പറയുക വിഷമമാണ്.

തുടർന്നു പുതിയനിയമത്തിൽ കാണുന്നത് കാതോലിക ലേഖനങ്ങളാണ്. സമാനമായ ചോദ്യങ്ങളും സംശയങ്ങളും പല സഭകളിൽനിന്നുണ്ടായപ്പോൾ ശിഷ്യപ്രമുഖരായ പത്രോസ്, യാക്കോബ്, യോഹന്നാൻ, യൂദാ തുടങ്ങിയവർ എല്ലാവർക്കുമായി നല്കിയ ഉത്തരങ്ങളും മറുപടികളുമാണ് ഈ 7 കാതോലിക അഥവാ സാർവത്രിക ലേഖനങ്ങൾ.

## 4. സുവിശേഷ രൂപീകരണം

വി. മത്തായി ശ്ലീഹാ അറമായ ഭാഷയിൽ ഈശോയുടെ പ്രബോധനങ്ങളുടെ ഒരു സമാഹാരത്തിനു രൂപം നല്കിയെന്നു ശക്തമായ പാരമ്പര്യമുണ്ടെങ്കിലും, അതെക്കുറിച്ചു തെളിവുകളൊന്നും അവശേഷിച്ചിട്ടില്ല. ഇന്നു ലഭ്യമായിട്ടുള്ള സുവിശേഷത്തിന്റെ കയ്യെഴുത്തുപ്രതികളിൽ ഏറ്റവും പുരാതനമായുള്ളത് വി. മർക്കോസ് അറിയിച്ച സുവിശേഷത്തിന്റേതാണ് (എ.ഡി. 65 നോടടുത്ത്). പത്രോസ്ശ്ലീഹാ പ്രഘോഷിച്ചിരുന്ന സുവിശേഷം അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ (1 പത്രോ 5,13) എന്ന നിലയിൽ വി. മർക്കോസ് രേഖപ്പെടുത്തുകയായിരുന്നു. നീറോ ചക്രവർത്തിയുടെ കാലത്തെ മതപീഡനത്തിന്റെ പശ്ചാത്തലത്തിലാണ് ഇതെഴുതപ്പെടുന്നത് എന്നു സഭാചരിത്രകാരനായ എവുസേബിയൂസ് സാക്ഷ്യപ്പെടുത്തുന്നുണ്ട് (തിരസഭാചരിത്രം, 2,15.1-2; 6,14.6-7).



ഇപ്രകാരം ആദ്യമെഴുതപ്പെട്ട മർക്കോസിന്റെ സുവിശേഷത്തിന്, എ.ഡി. 70 നുശേഷമെഴുതപ്പെട്ട വി. മത്തായിയുടെയും വി. ലൂക്കായുടെയും സുവിശേഷരൂപീകരണത്തിൽ വലിയ സ്വാധീനമുണ്ടായി. വി. മർക്കോസിന്റെ ഘടന തന്നെയാണ് അവരും പിന്തുടരുന്നത്. അതുകൊണ്ടാണ് ഈ മൂന്നു സുവിശേഷങ്ങളെ സമാന്തരസുവിശേഷങ്ങൾ അഥവാ സമവീക്ഷണ സുവിശേഷങ്ങൾ എന്നു വിശേഷിപ്പിക്കാറ്. നലാമത്തെതും അവസാനത്തെതുമായ വി. യോഹന്നാൻ അറിയിച്ച സുവിശേഷം രൂപം പ്രാപിക്കുന്നത് ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടിയാണ്. നാലു സുവിശേഷകന്മാരും ഈശോമിശിഹായുടെ ഏക സുവിശേഷമാണു രേഖപ്പെടുത്തുന്നത്.

പക്ഷേ, ഓരോ വിവരണവും അതതു ശ്ലീഹായുടെ മിശിഹാനുഭവം പ്രതിഫലിപ്പിക്കുന്നുണ്ട്. ഏതു സഭാസമൂഹത്തിലാണോ സുവിശേഷഗ്രന്ഥം രൂപം പ്രാപിച്ചത് ആ സമൂഹത്തിന്റെയും ഏതു സമൂഹത്തിനുവേണ്ടി എഴുതപ്പെട്ടുവോ ആ സമൂഹത്തിന്റെയും പശ്ചാത്തലങ്ങൾ വിവരണത്തെ സ്വാധീനിക്കുക സ്വാഭാവികമാണല്ലോ. അതുകൊണ്ടുതന്നെ മതപീഡനത്തിന്റെ പശ്ചാത്തലം വി. മർക്കോസിന്റെ സുവിശേഷത്തിൽ പ്രതിഫലിക്കുന്നുണ്ട്. യഹൂദ ക്രൈസ്തവരെ ഉദ്ദേശിച്ചാണ് വി. മത്തായി എഴുതുന്നത് എന്ന് അദ്ദേഹത്തിന്റെ വിവരണശൈലിയിൽനിന്നു വ്യക്തമാണ്. വി. ലൂക്കായാകട്ടെ തെയോഫിലസ് പ്രതിനിധാനം ചെയ്യുന്ന വിജാതീയ ക്രൈസ്തവരെ ഉദ്ദേശിച്ചാണ് എഴുതുന്നത്. യഹൂദസമൂഹത്തിൽനിന്ന് ആദിമ ക്രൈസ്തവർക്കു നേരിടേണ്ടിവന്ന വിഷമതകൾ വി. യോഹന്നാന്റെ സുവിശേഷത്തിൽ പ്രകടമാണ്.


സുവിശേഷം ലിഖിതരൂപം പ്രാപിക്കുന്നതിനുമുമ്പ് ആദ്യം കൈമാറപ്പെട്ടത് വാചികമായാണ്. മിശിഹാ സംഭവത്തിന്റെ ദൃക്സാക്ഷികളായ ശ്ലീഹന്മർ തങ്ങൾ നേരിട്ടു കണ്ടതും



കേട്ടതുമായ കാര്യങ്ങൾ പരിശുദ്ധ റൂഹായുടെ ശക്തിയിൽ ആദ്യം പ്രഘോഷിക്കുകയായിരുന്നു. ഈ ശ്ലീഹന്മാർ തന്നെയോ അവരുടെ അടുത്ത സഹപ്രവർത്തകരോ പിന്നീട് പ്രഘോഷിക്കപ്പെട്ട ഈ സുവിശേഷം ക്രമീകൃതമായി രേഖപ്പെടുത്തിയതാണ് ഇന്നു നമുക്കു ലഭ്യമായിരിക്കുന്ന സുവിശേഷഗ്രന്ഥങ്ങൾ.

## 5. പുതിയ നിയമത്തിലെ മറ്റു ഗ്രന്ഥങ്ങൾ


ശ്ലീഹന്മാരുടെ നടപടികൾ അഥവാ അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ എന്ന പുതിയനിയമ ഗ്രന്ഥം സുവിശേഷങ്ങൾക്കും ലേഖനങ്ങൾക്കുമിടയിൽ ഒരു പാലമായി വർത്തിക്കുന്നു. വി. തന്റെ സുവിശേഷവിവരണത്തിന്റെ തുടർച്ചയും രണ്ടാം ഭാഗവുമായാണ് വി. ലൂക്കാ നടപടി എഴുതുന്നത്. ആദ്യ ഗ്രന്ഥത്തിൽ നസ്രായനായ ഈശോയുടെ ജീവചരിത്രം വിവരിക്കുന്ന വി. ലൂക്കാ, രണ്ടാമത്തേതിൽ മിശിഹായുടെ തന്നെ തുടർച്ചയായ തിരുസഭയുടെ ചരിത്രമാണു രേഖപ്പെടുത്തുന്നത്. ഒരേ മിശിഹായാണ് രണ്ടു ഘട്ടങ്ങളിലും പ്രവർത്തിക്കുന്നത്; ആദ്യത്തേതിൽ മനുഷ്യശരീരത്തിലും രണ്ടാമത്തേതിൽ ഉത്ഥിതാവസ്ഥയിലും.




താൻ തിരഞ്ഞെടുത്തു പരിശീലിപ്പിച്ച, തന്റെ സാക്ഷികളായ ശ്ലീഹന്മാരിലൂടെ എപ്രകാരമാണ് ഉത്ഥിതനായ മിശിഹാ തന്റെ രക്ഷ ലോകത്തിന്റെ അതിർത്തികൾവരെ എത്തിക്കുന്നത് എന്നാണ് നടപടി പുസ്തകം വിവരിക്കുന്നത്. സുവിശേഷമായ മിശിഹായെക്കുറിച്ചുള്ള ശ്ലീഹന്മാരുടെ പ്രഘോഷണ ഫലമായി തിരുസഭ എപ്രകാരം ജന്മമെടുത്തുവെന്നു വിവരിച്ചുകൊണ്ടാണ് നടപടി ആരംഭിക്കുന്നത്. പന്തക്കുസ്തായിൽ ശ്ലീഹന്മാരുടെമേൽ ഇറങ്ങി വസിച്ച പരിശുദ്ധറൂഹായാണ് തിരുസഭയുടെ ആത്മാവ്. സുവിശേഷപ്രഘോഷണം വഴി ജന്മംനല്കിയ സഭാസമൂഹങ്ങളെ ശ്ലീഹന്മാർ തങ്ങളുടെ പ്രബോധനവും കൂദാശകളുംവഴി പരിപോഷിപ്പിച്ചുകൊണ്ടുമിരുന്നു. ആഗോളസഭയുടെ ചരിത്രത്തിലെ ആദ്യ അദ്ധ്യായമായി ശ്ലീഹന്മാരുടെ നടപടിപുസ്തകത്തെ മനസ്സിലാക്കാം. ഫ്രാൻസിസ് മാർപാപ്പായും മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്തായും മറ്റു മെത്രാന്മാരും നയിക്കുന്ന തിരുസഭ ആദിമസഭയുടെ ദൈവഹിതപ്രകാരമുള്ള പിൻതുടർച്ചയാണ്.

പുതിയനിയമത്തിലെ അവസാനഗ്രന്ഥം വെളിപാടാണ്. വളരെയേറെ ദുർവ്യാഖ്യാനം ചെയ്യപ്പെടുന്ന ഒരു ഗ്രന്ഥമാണിത്. യോഹന്നാൻശ്ലീഹായ്ക്ക് ഒരു ദൈവദൂതൻ വഴി ലഭിക്കുന്ന

www.malankaralibrary.com





ദൈവിക ദർശനമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. മിശിഹായുടെ ആഗമനത്തോടെ സമാരംഭിച്ചിരിക്കുന്ന പുതയുഗത്തിന്റെ പരിസമാപ്തിയായി പ്രപഞ്ചത്തിനു സംഭവിക്കാനിരിക്കുന്ന രൂപാന്തരീകരണത്തെപ്പറ്റിയാണ് ഈ ദർശനം. കർത്താവിന്റെ ദിനമായ ഞായറാഴ്ചത്തെ ആരാധനയാണ് ദർശനത്തിന്റെ പശ്ചാത്തലം. ഡൊമീഷ്യൻ ചക്രവർത്തിയുടെ കാലത്തെ മതപീഡനത്തിന്റെ ദുരന്താനുഭവങ്ങളുടെ വിശ്വാസ വെളിച്ചത്തിലുള്ള വ്യാഖ്യാനവും ഇവിടെയുണ്ട്. ദൈവത്തിന്റെ കുഞ്ഞാടും ദൈവവചനവും വിശ്വസ്ത സാക്ഷിയുമായ ഈശോമിശിഹാ മതപീഡനത്തിൽ തളരാതിരിക്കാൻ വിശ്വാസികളെ ശക്തിപ്പെടുത്തുന്നു.



## ഒരു ഗ്രന്ഥം പുതിയനിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ

സഭയുടെ ആരംഭകാലത്ത് നിരവധി ഗ്രന്ഥങ്ങൾ പ്രത്യക്ഷപ്പെട്ടു. അവയിലെല്ലാം വിശുദ്ധഗ്രന്ഥപട്ടികയിൽ സ്ഥാനം ലഭിച്ചില്ല. ദൈവനിവേശിതമായി പുതിയനിയമത്തിന്റെ ഭാഗമായി അംഗീകരിക്കുന്നതിനു സ്വീകരിച്ച ചില മാനദണ്ഡങ്ങളാണ് താഴെ പറയുന്നത്.

1. ശ്ലൈഹിക ഉത്ഭവം. ശ്ലീഹന്മാരാൽ നേരിട്ടോ അവരുടെ സഹപ്രവർത്തകരാലോ എഴുതപ്പെട്ട ഗ്രന്ഥങ്ങൾ.
2. ആദിമ സഭസമൂഹങ്ങളിൽ പരക്കെ പ്രചാരത്തിലിരുന്നതും സഭയുടെ ആരാധനയിൽ പരസ്യമായി വായിച്ചിരുന്നതുമായ ഗ്രന്ഥങ്ങൾ.
3. മനുഷ്യനായവതരിച്ച ദൈവപുത്രനായ ഈശോമിശിഹായിലുള്ള വിശ്വാസത്തോടു ചേർന്നു പോകുന്ന ഗ്രന്ഥങ്ങൾ.



# വിശുദ്ധഗ്രന്ഥം വായിക്കേണ്ട രീതി

ബൈബിൾ വിവരിക്കുന്നതു രക്ഷാകരചരിത്രമാണ്. ദൈവം മനുഷ്യനെ രക്ഷിക്കാനായി അവന്റെ ചരിത്രത്തിൽ ഇടപെടുന്നതിന്റെ വിവരണം. പൂർവപിതാക്കന്മാരെയും ശ്ലീഹന്മാരെയും തിരഞ്ഞെടുക്കുകയും ദൈവഹിതം ജനത്തെ അറിയിക്കാനായി നിയമിക്കുകയും ചെയ്ത ദൈവം ഇന്നും തിരുസഭയിൽ അതുതന്നെ തുടരുന്നു. വിശുദ്ധഗ്രന്ഥത്തിലെ കഥാപാത്രങ്ങളുടെ സ്ഥാനത്ത് നമ്മെത്തന്നെ നമുക്കു കാണാൻ സാധിക്കും. നമ്മുടെ ജീവിതത്തിലെ ദൈവിക ഇടപെടലുകൾ കാണാൻ നമുക്കായാൽ മതി. ഇപ്രകാരം വിശുദ്ധഗ്രന്ഥത്തെ വായിക്കുന്നതിനു സഹായിക്കുന്ന രീതിയാണ് ആത്മീയവായന (Lectio Divina). ജീവിക്കുന്ന ദൈവത്തിന്റെ വചനമായ ഈശോമിശിഹായുമായുള്ള കണ്ടുമുട്ടലിനു നമ്മെ സഹായിക്കുന്ന രീതിയാണിത്. ഇപ്പോൾ വിശ്രമജീവിതം നയിക്കുന്ന ബനഡിക്ട് പതിനാറാമൻ മാർപാപ്പാ ഇപ്രകാരമുള്ള വിശുദ്ധഗ്രന്ഥവായനയുടെ വിവിധ ഘട്ടങ്ങൾ വിശദീകരിക്കുന്നുണ്ട്:

**1. തിരുലിഖിത വായന (lectio):** വിശുദ്ധഗ്രന്ഥഭാഗം അതിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടെയാണു ഭക്തിപൂർവം വായിക്കേണ്ടത്.

**2. ധ്യാനം (meditatio):** വായിച്ച തിരുലിഖിതഭാഗത്തിലൂടെ കർത്താവ് ഇന്ന് എന്നോട് എന്താണു പറയുന്നത് എന്ന് എന്നോടുതന്നെ ചോദിക്കുന്നതിലാണ് ധ്യാനം. വചനഭാഗം എന്റെ ഇപ്പോഴത്തെ ജീവിതത്തെ വെല്ലുവിളിക്കണം.

**3. പ്രാർത്ഥന (oratio):** വചനത്തിലൂടെ എന്നോടു സംസാരിക്കുന്ന കർത്താവിനോട് എനിക്ക് എന്താണു പറയാനുള്ളത് എന്നു ചോദിച്ചുകൊണ്ട് പ്രാർത്ഥന ആരംഭിക്കാം. സ്തുതി, ആരാധന, മാദ്ധ്യസ്ഥ്യം, യാചന തുടങ്ങി ഏതു രീതിയിൽ പ്രാർത്ഥിച്ചാലും അതു നമ്മിൽ പരിവർത്തനം വരുത്തുക തന്നെ ചെയ്യും.

4. ഈ വചനഭാഗത്തു വെളിവാകുന്ന മിശിഹായുടെ മനോഭാവം നമ്മിലും രൂപപ്പെടുവാൻ നമ്മെത്തന്നെ വിട്ടുകൊടുക്കുന്നതാണ് അടുത്ത പടി **(contemplatio).**

5. മനോഭാവത്തിലുണ്ടായ മാറ്റം പ്രവൃത്തിപഥത്തിലെത്തിക്കുന്നതോടെയാണ് ആത്മീയവായന ഫലമണിയുന്നത് **(actio)..**

**ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**

**ഫെബ്രുവരി 19, 2018** **പൗരസ്ത്യവിദ്യാപീഠം**

www.malankaralibrary.com